2019
സെപ്റ്റംബർ
വാല്യം 12 | ലക്കം 09
Annual Subscription ₹ 60.00

# വിജയപുര ദൂത്

VIJAYAPURAM DIOCESAN BULLETIN



# FEAST OF THE EXALTATION OF THE HOLY CROSS



വീ-ഷെയർ പദ്ധതിയുടെ ജനറൽബോഡി മീറ്റിംഗിൽ പങ്കെടുത്ത
അഭിവന്ദ്യ സെബാസ്റ്റ്യൻ പിതാവും മോൺ. ജോസ് നവസും
വീ-ഷെയർ സ്ഥാപക കാത്തി റെനിയോടും ഭർത്താവ് ഡേവിഡിനോടുമൊപ്പം



ആർച്ച് ബിഷപ്പ് കൊർണേലിയൂസ് ഇലഞ്ഞിക്കലിന്റെ ചരമവാർഷിക ദിനത്തിൽ
അഭിവന്ദ്യ സെബാസ്റ്റ്യൻ പിതാവ് ഒപ്പീസ് ചൊല്ലുന്നു.

# വിജയപുരദൂത്

VIJAYAPURAM DIOCESAN BULLETIN

SEPTEMBER 2019 | Registered Newspaper, Reg.No. KERMAL/2008/24745 | Vol.12 • No.9

## താളുകൾ മറിക്കുമ്പോൾ...

4 എഡിറ്റോറിയൽ:
സഹനങ്ങളെ അതിജീവിക്കാം; അർത്ഥപൂർണ്ണമാക്കാം

6 അസാധാരണ പ്രേഷിത മാസവും ആഗോള മിഷൻ ഞായറും ( സർക്കുലർ)

10 അസാധാരണ പ്രേഷിതമാസം (കെ.സി.ബി.സി. സർക്കുലർ)

15 കുരിശിന്റെ മഹത്വം

17 പരി. വ്യാകുലമാതാവ്: കനിവിന്റെ അമ്മ

19 2019–ലെ മഴക്കെടുതി സംബന്ധിച്ച് (സർക്കുലർ)

21 ഇടവകവാർത്തകൾ

26 സംഘടനാവാർത്തകൾ

30 വി.എസ്.എസ്.എസ്. വാർത്തകൾ

34 അഭിവന്ദ്യ പിതാവിന്റെ ഒക്ടോബർ മാസ പരിപാടികൾ

Editorial Board

*Editor*
**Rev.Fr. Job Kuzhivayalil**
(Editor as defined by the Press & Registration of Books Act 1867)

*Chief Editor*
**Msgr. Jose Navez** M.A. Ph.D.
Mob: 9446119427

*Associate Editors*
**Fr. Xavier Cherunellady**
**Adv. Henry John**

*Managing Editor*
**Fr. Joseph Cherukakramcheril**
Vijayapuram Bishop's House
P.B. No. 82, Kottayam 686001
Ph: 0481-2563747

*Editorial Board*
**Fr. Tom Jose** B.A., B.Th.
**Sri. Albert John**

*Circulation Manager*
**Fr. Xavier Cherunellady**
Mob: 9946511172
Ph: 0481-2456055



Printed & Published by Fr. Francis Nedumparambil, on behalf of Diocese of Vijayapuram, P.B. No. 82, Kottayam-686001
Printed for Archana Offset Printers, Ktm-2, Kerala at Good Shepherd Press, Kottayam, Kerala-686001
Published at Vijayapuram Bishop's House, Kottayam-686001, Kerala, India.

vijayapuradhuthu@gmail.com

## Editorial



# സഹനങ്ങളെ അതിജീവിക്കാം; അർത്ഥപൂർണ്ണമാക്കാം

**സെ**പ്റ്റംബർ മാസം തുടങ്ങി ഒരാഴ്ച കഴിയുമ്പോൾ 8-ാം തീയതി നാം നമ്മുടെ സ്വർഗ്ഗീയ അമ്മയുടെ ജന്മദിനം ആഘോഷിക്കും. രണ്ടാഴ്ച കഴിയുമ്പോൾ, 15-ാം തീയതി വ്യാകുലമാതാവിന്റെ തിരുനാൾ ആചരിക്കും. അതിനാൽ സെപ്റ്റംബർ മാസം വ്യാകുലമാതാവിന് പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്നു. സെപ്റ്റംബർ 14-ാം തീയതി തിരുക്കുരിശിന്റെ, യേശുവിന്റെ പീഡാനുഭവത്തിന്റെ, തിരുനാളായതിനാലാവാം പിറ്റേദിവസം നാം മറിയത്തിന്റെ പീഡാനുഭവം ആചരിക്കുന്നത്. യേശുവിന്റെ സ്നേഹത്തിന്റെ, തിരുഹൃദയത്തിന്റെ തിരുനാളിനോടൊത്ത് തലേദിവസം മറിയത്തിന്റെ സ്നേഹത്തിന്റെ വിമലഹൃദയത്തിന്റെ തിരുനാളാഘോഷിക്കുന്നതുപോലെയാണത്.

വിശുദ്ധ കുരിശിന്റെ തിരുനാളും വ്യാകുലമാതാവിന്റെ തിരുനാളും കേന്ദ്രത്തിൽ വരുന്ന സെപ്റ്റംബർ മാസത്തിൽ നമ്മുടെ സഹനത്തെക്കുറിച്ചു ധ്യാനിക്കാൻ, യേശുവിന്റെയും മറിയത്തിന്റെയും സഹനത്തിന്റെ വെളിച്ചത്തിൽ നമ്മുടെ സഹനങ്ങളെ ദർശിച്ച് അവയെ അതിജീവിക്കാനും അർത്ഥപൂർണ്ണമാക്കാനും, തിരുസഭ നമ്മെ ആഹ്വാനം ചെയ്യുന്നു ഈ മാസത്തിൽ.

കഴിഞ്ഞ വർഷത്തിലെപോലെ ഈ വർഷവും രാജ്യത്തുണ്ടായ കെടുതികൾ അപ്രതീക്ഷിതമായ സഹനങ്ങൾ നമ്മുടെ നാട്ടിലും ജീവിതത്തിലും വരുത്തിവച്ചു. രാഷ്ട്രീയവും സാമൂഹികവും സാംസ്കാരികവും മതപരവുമായ ബന്ധങ്ങളിലെ വേർതിരിവുകളും, വിവേചനങ്ങളും അനീതികളും അതിക്രമങ്ങളും നമ്മുടെ നാട്ടിലെങ്ങും ദുരിതം വിതറുന്നു. കടബാദ്ധ്യതകളും നഷ്ടങ്ങളും അമിതമായ ചികിത്സാ ചെലവും, തൊഴിൽ നഷ്ടവും തൊഴിൽ രാഹിത്യവും മനുഷ്യരുടെ വഞ്ചനകളും, ധൂർത്തും അഴിമതിയും വിലക്കയറ്റവും ഭരണപാളിച്ചയും ധനാസക്തിയുമെല്ലാം സാമ്പത്തികദുരിതം ക്രമാതീതമാക്കുന്നു. മദ്യാസക്തിയും മയക്കുമരുന്നിന്റെ ഉപയോഗവും മറ്റാസക്തികളും കുടുംബങ്ങളിലും യുവാക്കളുടെയും കുട്ടികളുടെയും ജീവിതത്തിലും ദുരിതം വിതക്കുന്നു. രോഗങ്ങളും വ്യാധികളും അപകടങ്ങളും ശാരീരികമായ പീഡനങ്ങൾ വരുത്തിവയ്ക്കുന്നു. ജീവിതത്തിലെ പ്രതിസന്ധികളും തിക്താനുഭവങ്ങളും ബന്ധങ്ങളിലെ പാളിച്ചകളും എല്ലാം മാനസികവും വൈകാരികവുമായ സഹനങ്ങൾ ഉളവാക്കുന്നു. ഇവയുടെയെല്ലാം ഇടയിൽ നമ്മുടെ ശ്രദ്ധയിൽപെടാതെ തന്നെ സാത്താൻ ആരാധനയിലൂടെയും ചാത്തൻസേവയിലൂടെയും മന്ത്രവാദങ്ങളിലൂടെയും മറ്റ് അന്ധവിശ്വാസങ്ങളിലൂടെയും ദുരാരോപണങ്ങളിലൂ

ടെയുമെല്ലാം ആത്മീയ ദുരിതങ്ങളും വന്നുചേരുന്നു. ഇവയുടെയെല്ലാം നടുവിൽ ദൈവസ്നേഹത്തിലും പരിപാലനയിലും, ദൈവപദ്ധതിയിലും ദൈവേഷ്ടത്തിലും, ദൈവത്തിന്റെ വാഗ്ദാനങ്ങളിലും ദൈവപ്രവർത്തന ങ്ങളിലും ഇടപെടലുകളിലും ശ്രദ്ധ കേന്ദ്രീകരിക്കാൻ ശ്രദ്ധിച്ചാലേ സഹ നങ്ങളെ അതിജീവിക്കാനും അർത്ഥപൂർണ്ണമാക്കാനും സഹനങ്ങളിലൂടെ ശുദ്ധീകരിക്കപ്പെടാനും വളരാനും പക്വത പ്രാപിക്കാനും സാധിക്കൂ.

അത് സാധിക്കുന്നതിന് പ്രചോദനവും മാതൃകയുമായി മനുഷ്യാവതാരം ചെയ്ത് മനുഷ്യരോടൊത്തും മനുഷ്യർക്കുവേണ്ടിയും സഹിച്ച യേശുവി നെയും, യേശുവിനെ ഗർഭം ധരിച്ചതുമുതൽ അവിടുത്തെ മരണംവരെയും കൂടെ സഹിച്ച് സഹരക്ഷകയായി തീർന്ന മറിയത്തെയും തിരുസഭ നമ്മുടെ മുമ്പിൽ അവതരിപ്പിക്കുന്നു വിശുദ്ധകുരിശിന്റെയും വ്യാകുലമാതാവി ന്റെയും തിരുനാളുകളിലൂടെ.

നമ്മുടെ സഹനങ്ങളിൽ ദൈവപുത്രനെയും ദൈവമാതാവിനെയും നമുക്കു ദർശിക്കാം. നമ്മുടെ സഹനങ്ങളിൽ നാം ഒറ്റയ്ക്കല്ല, അവരും കൂടെയുണ്ട് എന്നു നമുക്കു ബോധപ്പെടാം. നമ്മുടെതിനേക്കാൾ വലുതായ സഹനങ്ങളെ അതിജീവിച്ച അവരുടെ സഹനങ്ങളോട് നമ്മുടെ സഹന ങ്ങളെയും ചേർത്തുവച്ച് അതിജീവനത്തിനുവേണ്ടി ശക്തി ആർജിക്കാം. അങ്ങനെ സഹനങ്ങളിലൂടെ വളരാനും പക്വതപ്രാപിക്കാനും ദൈവത്തെ മഹത്വപ്പെടുത്താനും മനുഷ്യർക്കും ലോകത്തിനും അനുഗ്രഹമായി തീരാനും ശ്രദ്ധിക്കാം.

---

## DONATION TO THE DIOCESE

**റവ.ഫാ. ആൽബർട്ട് കുമ്പളോലിൽ – 2,30,400**



പുനരുദ്ധരിച്ച കാന്തല്ലൂർ ചെറുപുഷ്പ ദൈവാലയ ആശീർവ്വാദ ശേഷം അഭിവന്ദ്യ പിതാവും ഫാ. നോഹ ഹെക്കലും (ബെനഡിക്റ്റൈൻ ആബട്ട്) മേഖലയിലെ വൈദികരോടും ഇടവകാംഗങ്ങളോടുമൊപ്പം

Diocese of Vijayapuram
CIRCULAR LETTER
VOL. XIV • NO. 02• 2019 • AUGUST 2019

# അസാധാരണ പ്രേഷിത മാസവും ആഗോള മിഷൻ ഞായറും

**"Baptized and Sent"**

വന്ദ്യ വൈദികരേ, ബഹു. സന്യസ്തരേ, യേശുവിൽ പ്രിയ മക്കളേ,

ഇക്കഴിഞ്ഞ ജൂൺ 09 പെന്തക്കോസ്തദിനത്തിൽ പരി. പിതാവ് ഫ്രാൻസീസ് പാപ്പാ 2019 ഒക്ടോബർ മാസം "അസാധാരണ മിഷനറി മാസ"മായി ആഗോളസഭയിൽ ആഘോഷിക്കണമെന്ന് ആഹ്വാനം ചെയ്യുകയുണ്ടായി. ഭാഗ്യസ്മരണാർഹനായ ബെനഡിക്ട് പതിനഞ്ചാമൻ പാപ്പാ സഭയുടെ മിഷൻ ദൗത്യത്തെ സംബന്ധിച്ചു 1919 നവംബർ 30ന് പുറപ്പെടുവിച്ച വിഖ്യാതമായ അപ്പസ്തോലിക ആഹ്വാനം "മാക്സിമം ഇല്ല്യൂദി"ന്റെ (Maximum Illud) ശതാബ്ദിയോടനുബന്ധിച്ചാണ് ഈ അസാധാരണ മിഷനറി മാസം പ്രഖ്യാപിക്കപ്പെട്ടിരിക്കുന്നത്.

**മിഷനറി ദൗത്യം**

സഭ സ്വഭാവത്തിലേ പ്രേഷിതയാണെന്ന് നമുക്കേവർക്കുമറിയാം. ആഗോളസഭയുടെ മിഷനറി ദൗത്യത്തെയും പ്രേഷിത പ്രതിബദ്ധതയെയും ഒരിക്കൽകൂടി ബോധ്യപ്പെടുത്തി കൂടുതൽ ഊർജ്ജസ്വലതയോടും സമർപ്പണ ബോധ്യത്തോടുംകൂടി അതു നിർവ്വഹിക്കുവാൻ സഭാതനയരെ ഉദ്ബോധിപ്പിക്കുക എന്നതാണ് പ്രത്യേക മിഷനറി മാസാചരണത്തിന്റെ ലക്ഷ്യം. "ഉത്ഥിതനായ യേശുനാഥൻ നൽകിയ കല്പന (എല്ലാവരെയും സുവിശേഷമറിയിക്കുക) ജ്ഞാനസ്നാനത്തിൽ അന്തർലീനമായ ഒന്നാണ്," പാപ്പാ പറയുന്നു. ക്രൈസ്തവവിശ്വാസികളെല്ലാവരും സഭയുടെ മിഷനറി ദൗത്യത്തിൽ പങ്കുചേരുന്നവരാണ് എന്ന വസ്തുത ദ്യോതിപ്പിച്ചുകൊണ്ട് ഈ അസാധാരണ മാസത്തിന്റെ പ്രത്യേക സന്ദേശമായി പാപ്പാ നൽകിയിരിക്കുന്നത് "ജ്ഞാനസ്നാനം വഴി അയക്കപ്പെട്ടവർ" (Baptized and sent) എന്നതാണ്. ജ്ഞാനസ്നാനത്താൽ നമുക്കു നൽകപ്പെട്ടിരിക്കുന്ന ദൈവീകദാനമായ വിശ്വാസം പ്രഘോഷിക്കാൻ, മറ്റുള്ളവർക്കു പകർന്നു നൽകുവാൻ നാം കടപ്പെട്ടിരിക്കുന്നുവെന്നും മിഷനറി ദൗത്യം കൊണ്ട് അതാണ് വിവക്ഷിക്കപ്പെടുന്നതെന്നും പാപ്പാ വ്യക്തമാക്കുന്നുണ്ട്. "നിങ്ങൾ ലോകമെങ്ങും പോയി എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ" (മർക്കോസ് 16:15). യേശുനാഥനുമായുള്ള വ്യക്തിപരമായ അടുപ്പം, പ്രേഷിത ദൈവവിളി തിരിച്ചറിയൽ, പ്രേഷിത പ്രവർത്തനങ്ങളിലെ പങ്കാളിത്തം, പ്രേഷിതാത്മക ഉപവി പ്രവർത്തനങ്ങൾ എന്നിവ ഈ ദൗത്യനിർവ്വഹണത്തിനു നമ്മെ സഹായിക്കും.

**രൂപതാതല ആഘോഷം**

അസാധാരണ പ്രേഷിത മാസത്തിന്റെ രൂപതാതല ഉദ്ഘാടനം 2019 സെപ്റ്റംബർ 7 ശനിയാഴ്ച രാവിലെ 6.30-ന് വിമലഗിരി കത്തീഡ്രലിൽ അർപ്പിക്കപ്പെടുന്ന ആഘോഷമായ ദിവ്യബലിയോടനുബന്ധിച്ചു നടത്തപ്പെടും. സഭയുടെയും സഭാതനയരുടെയും മിഷനറി ദൗത്യത്തെ സംബന്ധിച്ചുള്ള ഒരു ബോധ്യം പകർന്നു നൽകുന്നതിനായി സെപ്റ്റംബർ 06 വൈകുന്നേരം ആരംഭിച്ച് 07ന് ഉച്ചയ്ക്കു സമാപിക്കത്തക്കവിധത്തിൽ മിഷൻ സെമിനാറും ക്ലാസുകളും ആഘോഷങ്ങളുടെ ഭാഗമായി സംഘടിപ്പിച്ചിട്ടുണ്ട്. പ്രസ്തുത സെമിനാറിലും ഉദ്ഘാടന ദിവ്യബലിയിലും സംബന്ധിക്കുന്നതിനായി ഓരോ ഇടവകയിലെയും അജപാലന ശുശ്രൂഷാ കൺവീനറെയും ഒരു മതാദ്ധ്യാപകനെ/കയെയും പ്രതിനിധികളായി അയയ്ക്കണമെന്ന് സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു. പങ്കെടുക്കുന്ന ഈ പ്രതിനിധികൾ അപ്പസ്തോലിക ചൈതന്യത്തിലേക്കും മിഷനറി സമർപ്പണ മനോഭാവത്തിലേക്കും ഇടവകാംഗങ്ങളെ നയിക്കുവാൻ പ്രാപ്തരാകും എന്നാണ് പ്രതീക്ഷിക്കുന്നത്.

**മിഷൻഞായറും അസാധാരണ പ്രേഷിതമാസവും ഇടവകയിൽ**

എല്ലാവർഷവും വലിയ തീക്ഷ്ണതയോടെയാണ് നമ്മുടെ ഇടവകകളും സ്ഥാപനങ്ങളും മിഷൻ ഞായറാഘോഷങ്ങൾ സംഘടിപ്പിക്കുന്നതെന്നും വളരെ ഉദാരമായ സാമ്പത്തിക സംഭാവനകളാണ് ഇടവകമക്കൾ നൽകുന്നതെന്നും ഏറെ ചാരിതാർത്ഥ്യത്തോടെയും കൃതജ്ഞതയോടെയും ഞാൻ അനുസ്മരിക്കുന്നു. ഇക്കഴിഞ്ഞ വർഷവും തീക്ഷ്ണത നിറഞ്ഞ ഹൃദയത്തോടെ പ്രവർത്തിച്ച് നല്ല രീതിയിൽ മിഷൻ ഞായർ സംഭാവനകൾ ശേഖരിച്ച എല്ലാ ഇടവകകളെയും സ്ഥാപനങ്ങളെയും വിവിധ ഗ്രൂപ്പുകളിൽ സമ്മാനാർഹരായവരെയും നേതൃത്വം നൽകിയ ബഹു. വികാരിയച്ചന്മാരെയും ഞാൻ പ്രത്യേകം അഭിനന്ദിക്കുന്നു. ഈ വർഷവും നമ്മുടെ ഈ മനോഭാവം കൂടുതൽ വർദ്ധിക്കട്ടെ എന്ന് ആശംസിക്കുകയും ചെയ്യുന്നു. ശേഖരിക്കുന്ന മിഷൻ സംഭാവനകൾ പതിവുപോലെ ഡിസംബർ 31നു മുമ്പായി കൂരിയായിൽ ഏല്പിക്കേണ്ടതാണ്. അസാധാരണ മാസാചരണത്തിന്റെ ഭാഗമായി ഒക്ടോബർ മാസത്തിലെ എല്ലാ ഞായറാഴ്ചകളിലും ഉചിതമായ രീതിയിൽ മിഷൻ ദൗത്യത്തെക്കുറിച്ചുള്ള ഉദ്ബോധനങ്ങൾ നടത്തണമെന്നും താത്പര്യപ്പെടുന്നു. രൂപതാകേന്ദ്രത്തിൽ നിന്നുള്ള നിർദ്ദേശങ്ങൾ സ്വീകരിച്ച് അസാധാരണ മിഷനറി മാസത്തിന്റെ സന്ദേശം എല്ലാവരിലും എത്തിക്കുവാൻ പരിശ്രമിക്കേണ്ടതാണ്.

സർവ്വശക്തനായ ദൈവത്തിന്റെ കൃപയിലും പരി. കന്യകയുടെ ശക്തമായ മാദ്ധ്യസ്ഥതയിലും ഒരിക്കൽക്കൂടി നിങ്ങളേവരെയും സമർപ്പിച്ചുകൊണ്ട് പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ആശീർവ്വദിച്ചുകൊള്ളുന്നു.

---

കോട്ടയം
19-08-2019

**✝ സെബാസ്റ്റ്യൻ തെക്കെതേച്ചേരിൽ**
*വിജയപുരം മെത്രാൻ*

*NB:* **ഈ സർക്കുലർ നമ്മുടെ എല്ലാ ദൈവാലയങ്ങളിലും 2019 ആഗസ്റ്റ് 25 ഞായറാഴ്ച ദിവ്യബലിമധ്യേ വായിക്കേണ്ടതാണ്.**

# അസാധാരണ പ്രേഷിത മാസം
# ഒക്ടോബർ 2019

സ്നേഹ ബഹുമാനപ്പെട്ട അച്ചാ.

പരിശുദ്ധ പിതാവിന്റെ നിർദ്ദേശപ്രകാരം 'അസാധരണ പ്രേഷിത മാസത്തോടനുബന്ധിച്ച് (ഒക്ടോബർ 2019), നമ്മുടെ രൂപതിയിലെ കർമ്മ പരിപാടികൾ രൂപപ്പെടുത്തുവാൻ വിവിധ മേഖലകളിൽ നടത്തിയ ആലോചനാ യോഗങ്ങളിലെ, (വൈദികരുടെ മാസയോഗം, രൂപതാ വൈദിക-അജപാലന സമിതി അംഗങ്ങളുടെയും യോഗങ്ങൾ) പ്രധാന തീരുമാനങ്ങൾ ചുവടെ ചേർക്കുന്നു. കർമ്മ പരിപാടികളുടെ വിജയത്തിനായി അച്ചന്റെ സഹകരണവും പ്രാർത്ഥനകളും പ്രതീക്ഷിക്കുന്നു.

സ്നേഹപൂർവ്വം

**മോൺ ജസ്റ്റിൻ മഠത്തിൽപറമ്പിൽ** *(വികാരി ജനറാൾ)*

1. അസാധാരണ പ്രേഷിത മാസത്തിന്റെ ലോഗോ പതിപ്പിച്ച തിരികൾ ഇടവകകൾക്കും സ്ഥാപനങ്ങൾക്കും നൽകുക.
2. 'മിഷണറിമാർക്കും മിഷൻ പ്രവർത്തനങ്ങൾക്കുമായുള്ള പ്രാർത്ഥനാ കാർഡുകൾ' ഒക്ടോബർ മാസം ഭവനങ്ങളിൽ ചൊല്ലുവാൻ വിതരണം ചെയ്യുക.
3. സെപ്റ്റംബർ 7-ാം തീയതി വിമലഗിരി കത്തീഡ്രലിൽ വച്ച് രൂപതാതല ഉദ്ഘാടനം നടത്തുക.
4. രൂപതാതല ഉദ്ഘാടനത്തോട് അനുബന്ധിച്ച് ഓരോ ഇടവകയിൽ നിന്നും ഒരു മതാദ്ധ്യാപക പ്രതിനിധിയും ഇടവകകളിലെ അജപാലന ശുശ്രൂഷയുടെ കൺവീനർമാരുടെയും ഒരു സെമിനാർ വിമലഗിരി പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തുക.
5. 'ചെറുപുഷ്പ മിഷൻലീഗ്' സംഘടനയുടെ പ്രവർത്തനങ്ങൾ ഇടവകകളിൽ കൂടുതൽ സജീവമാക്കുക.
6. ഇരുപത്തി അഞ്ചോ അതിലധികമോ വർഷങ്ങളായി ഇടവകയിൽ സേവനം അനുഷ്ഠിക്കുന്ന കപ്യാർമാർ, ഉപദേശിമാർ എന്നിവരെ ആദരിക്കുക.
7. വചനപ്രഘോഷണ നേതൃത്വം നൽകുവാൻ താൽപര്യമുള്ളവർക്കായി ഒരു ട്രെയിനിംങ്ങ് പ്രോഗ്രാം ആരംഭിക്കുക.
8. സെപ്റ്റംബർ 29ന് ഇടവകകളിൽ അസാധാരണ പ്രേഷിതമാസത്തിന് ആരംഭം കുറിക്കുക.
9. അസാധാരണ പ്രേഷിതമാസത്തെ ഓരോ ഞായറാഴ്ചകളും പ്രത്യേകമായി ആചരിക്കുക.
   29-9-2019- വി. ഫ്രാൻസിസ് സേവ്യർദിനം
   6-10-2019 - വി. കൊച്ചുത്രേസ്യാ ദിനം
   13-10-2019 - വി. ജോസഫ് വാസ് ദിനം
   20-10-2019 - വി. ജോൺ ബ്രിട്ടോദിനം

27-10-2019 - ഇടവക പ്രേഷിതദിനം (ദൈവവിളി, രൂപതയിലെ മിഷണറിമാർ, രൂപതയുടെ പ്രേഷിത പ്രവർത്തനം, ഇടവകയിൽ സേവനം ചെയ്ത വൈദികർ, സന്ന്യസ്തർ എന്നിവയെക്കുറിച്ച് ഇടവക ജനങ്ങൾക്ക് അറിവ് പകരുക).

10. സ്കൂളുകളിൽ ഒക്ടോബർ ആദ്യവെള്ളിയാഴ്ച പ്രേഷിതദിനമായി ആചരിക്കുക. മിഷൻ എക്സിബിഷൻ, ക്ലാസുകൾ, മിഷൻ സാക്ഷ്യങ്ങൾ പങ്കുവെയ്ക്കൽ തുടങ്ങിയവ നടത്തുക.

---

## പള്ളിവാസൽ സെന്റ്.ആൻസ് ദേവാലയത്തിൽ വൈദികദിനവും അൾത്താരബാലകദിനവും ആഘോഷിച്ചു.



വിശുദ്ധ ജോൺ മരിയ വിയാനിയുടെ തിരുനാളിനോടനുബന്ധിച്ച് പള്ളിവാസൽ സെന്റ്.ആൻസ് ദേവാലയത്തിലെ മതബോധന വിഭാഗത്തിന്റെ നേതൃത്വത്തിൽ ഇടവകയിൽ വൈദികദിനം ആഘോഷിച്ചു. ദിവ്യബലിക്കു മുമ്പ് അച്ചന് ബൊക്കെ നല്കി ആദരിച്ചു. മതബോധനത്തിനുശേഷം വിദ്യാർഥികൾ ദൈവവിളിയും കുടുംബവും എന്ന വിഷയത്തിന്റെ അടിസ്ഥാനത്തിൽ അച്ചനെ ഇന്റർവ്യൂ ചെയ്തു.

അൾത്താര ബാലകന്മാരുടെ മധ്യസ്ഥനായ വി. ജോൺ ബെർക്കുമൻസിന്റെ തിരുനാളാഘോഷത്തിന്റെ ഭാഗമായി ഇടവകയിൽ അൾത്താരബാലകദിനം ആചരിച്ചു. അൾത്താര ബാലകന്മാർ മാതാപിതാക്കളോടൊപ്പം പ്രദക്ഷിണമായി ദിവ്യപൂജയ്ക്കണഞ്ഞു. അവർക്കായി പ്രത്യേക ഇരിപ്പിടം തയ്യാറാക്കിയിരുന്നു. പുതിയതായി അൾത്താര ശുശ്രൂഷയിലേക്കു പ്രവേശിക്കുന്നവർ തങ്ങളുടെ കൈകളിൽ അൾത്താരബാലകരുടെ വസ്ത്രം വഹിച്ചിരുന്നു. അവ കാർമികൻ വെഞ്ചരിച്ചു നല്കുകയും മാതാപിതാക്കൾ തങ്ങളുടെ മക്കളെ അൾത്താരബാലകരുടെ വസ്ത്രം അണിയിക്കുകയും ചെയ്തു. അന്നേ ദിനത്തിലെ പ്രാർഥനകൾക്കും കാഴ്ചവയ്പ്പിനും നേതൃത്വം നല്കിയത് അൾത്താരബാലകരും അവരുടെ മാതാപിതാക്കളുമായിരുന്നു.

## ഒക്ടോബർ, 2019
# അസാധാരണ പ്രേഷിതമാസത്തോടനുബന്ധിച്ച് കെസിബിസി പുറപ്പെടുവിക്കുന്ന സർക്കുലർ

**യേശുവിൽ പ്രിയ സഹോദരീസഹോദരന്മാരേ,**

2019 ഒക്ടോബർ മാസം അസാധാരണ പ്രേഷിതമാസമായി (Eximius Missionis Mensis) പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പാ പ്രഖ്യാപിച്ചിരിക്കുകയാണ്. "ജ്ഞാനസ്നാനപ്പെട്ട് അയയ്ക്കപ്പെട്ടവർ: പ്രേഷിതദൗത്യവുമായി ക്രിസ്തുവിന്റെ സഭ ലോകത്തിൽ" (Baptized and Sent: The Church of Christ on Mission in the World) എന്നതാണ് ഈ മാസത്തിന്റെ വിചിന്തനവിഷയമായി തിരുസഭ നല്കിയിട്ടുള്ളത്. 1919-ൽ ബെനഡിക്ട് 15-ാമൻ പാപ്പാ പ്രസിദ്ധീകരിച്ച *മാക്സിമൂം ഇല്ലൂദ്* ("ഏറ്റവും വലിയ ആ കാര്യം") എന്ന പ്രേഷിതദൗത്യത്തെക്കുറിച്ചുള്ള ചാക്രികലേഖനത്തിന്റെ ശതാബ്ദിയോടനുബന്ധിച്ചാണ് ഇപ്രകാരമൊരു പ്രഖ്യാപനം ഫ്രാൻസിസ് പാപ്പാ നടത്തിയിട്ടുള്ളത്.

ഒന്നാം ലോകമഹായുദ്ധത്തിന്റെ ഭീകരമായ കെടുതികളിൽനിന്ന് ഉയിർത്തെഴുന്നേല്ക്കാൻ ലോകജനതയെ സഹായിക്കാനുള്ള സഭയുടെ ദൗത്യം തിരിച്ചറിഞ്ഞാണ് ബെനഡിക്ട് 15-ാമൻ പാപ്പാ തന്റെ അപ്പസ്തോലിക ലേഖനത്തിലൂടെ സഭയുടെ പ്രേഷിതദൗത്യത്തിന് പുതിയൊരു മുഖവും നവചൈതന്യവും നല്കാൻ ശ്രമിച്ചത്. അദ്ദേഹം ഇപ്രകാരം ആഹ്വാനം ചെയ്യുന്നു: "കാരുണ്യവാനായ ദൈവത്തിന്റെ ഒരു പ്രത്യേക അനുഗ്രഹം മൂലം സത്യവിശ്വാസം ലഭിക്കുകയും അതിന്റെ നിരവധി അനുഗ്രഹങ്ങൾ പ്രാപിക്കുകയും ചെയ്യുന്നവർ, മിഷൻ വേലകളെ സഹായിക്കുക പരിശുദ്ധമായ ഒരു കടമയാണെന്ന് അവഗാഢം ചിന്തിക്കട്ടെ. എന്തുകൊണ്ടെന്നാൽ സ്വന്തം സഹോദരങ്ങളെ സംബന്ധിക്കുന്ന ഒരു പ്രമാണം ദൈവം എല്ലാവർക്കുമായി നല്കിയിരിക്കുന്നു." കൊളോണിയലിസത്തിന്റെ തേർവാഴ്ചകളിൽ തമസ്കരിക്കപ്പെട്ട ദൈവവിശ്വാസവും മാനവികതയും സുവിശേഷവെളിച്ചത്തിൽ പുനഃസ്ഥാപിക്കാൻ സുവിശേഷവത്കരണം മാത്രമാണ് ഏകമാർഗമെന്ന് പാപ്പാ ഉദ്ബോധിപ്പിച്ചു. ഈ പ്രബോധനത്തിന്റെ വെളിച്ചത്തിൽ അക്കാലത്ത് തിരുസഭ നടത്തിയ പ്രേഷിത പ്രവർത്തനങ്ങൾ ശ്ലാഘനീയമാണ്.

"തീർത്ഥാടക സഭ സ്വഭാവത്താൽതന്നെ പ്രേഷിതയാണ്. കാരണം അവൾ പിതാവായ ദൈവത്തിന്റെ നിശ്ചയമനുസരിച്ച് പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും പ്രേഷണത്തിൽ നിന്നാണ് ജന്മമെടുക്കുന്നത്" (AG 2). "ആകയാൽ നിങ്ങൾ പോയി എല്ലാ ജനതകളെയും ശിഷ്യപ്പെടുത്തുവിൻ, പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ അവർക്കു ജ്ഞാനസ്നാനം നല്കുവിൻ" (മത്താ 28:19-20) എന്ന

യേശുക്രിസ്തുവിന്റെ ആഹ്വാനമാണ് സഭയുടെ പ്രേഷിതദൗത്യത്തിന് അടിസ്ഥാനം. ക്രിസ്തു തന്റെ സഭയെ ഏല്പിച്ച ഈ ദൗത്യം ക്രിസ്തുവിന്റെതന്നെ ദൗത്യത്തിന്റെ തുടർച്ചയാണ്. "പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു" (യോഹ 20:21) എന്നാണ് യേശു തന്റെ ശിഷ്യരോടു പറഞ്ഞത്.

ദിവ്യഗുരുവിന്റെ ആഹ്വാനം സ്വീകരിച്ച അപ്പോസ്തോലൻമാരും ഇതര ശിഷ്യരും അന്ന് അറിയപ്പെട്ടിരുന്ന ലോകത്തിലെല്ലായിടത്തും ആ സ്നേഹസന്ദേശം എത്തിക്കാൻ ത്യാഗപൂർവ്വം കടന്നുചെന്നു. എന്നാൽ പ്രേഷിതപ്രവർത്തനം അക്കാലത്തും എളുപ്പമായിരുന്നില്ലെന്ന് ചരിത്രം സാക്ഷ്യം നല്കുന്നു. ക്രിസ്തുശിഷ്യർ ധാരാളം എതിർപ്പുകൾ നേരിടുകയും മർദ്ദനങ്ങളും പീഡനങ്ങളും സഹിക്കുകയും അനേകർ സ്വജീവൻ ബലിയായി അർപ്പിക്കുകയും ചെയ്യേണ്ടിവന്നു. വിശുദ്ധ പൗലോസ്അപ്പോസ്തലൻ ഏഷ്യമൈനർ, ഗ്രീസ്, ടർക്കി തുടങ്ങിയ ദേശങ്ങളിലെല്ലാം ചുറ്റിസഞ്ചരിച്ച് സുവിശേഷം പ്രചരിപ്പിച്ചു. അക്കാലത്ത് സഭാംഗങ്ങൾക്കിടയിലുണ്ടായിരുന്ന വഴക്കുകൾ തീർക്കുന്നതിനും അവരുടെ സംശയങ്ങൾ ദൂരീകരിക്കുന്നതിനും വിശ്വാസത്തിൽ അവരെ ഉറപ്പിക്കുന്നതിനും വേണ്ടി അദ്ദേഹം സുദീർഘങ്ങളായ ലേഖനങ്ങൾ എഴുതി.

പ്രഥമ പ്രേഷിതരായ അപ്പോസ്തലന്മാരുടെ പിൻഗാമികളായ മെത്രാന്മാരോടു ചേർന്ന് ദൈവജനം മുഴുവനിലൂടെയുമാണ് പ്രേഷിതദൗത്യം സഭയിൽ നിർവഹിക്കപ്പെടുന്നത്. പരിശുദ്ധ പിതാക്കന്മാർ കാലാകാലങ്ങളിൽ തങ്ങളുടെ പ്രബോധനങ്ങൾ വഴി അജഗണങ്ങളെ ഇക്കാര്യം അനുസ്മരിപ്പിച്ചുകൊണ്ടിരിക്കുന്നു. ഒമ്പതാം പീയൂസ് പാപ്പാ *ഓപ്പൂസ് ദിവിനീസ്സിമും ("ഏറ്റവും മഹത്തായ ദിവ്യകർമ്മം")* എന്ന ചാക്രികലേഖനത്തിൽ പറയുന്നതുപോലെ, "എല്ലാ കത്തോലിക്കാ പ്രവർത്തനങ്ങളിലും വച്ച് ഏറ്റം മഹത്തും പരിശുദ്ധവുമായത് മിഷനറി പ്രവർത്തനങ്ങളാണ്. ഓരോ വിശ്വാസിക്കും താൻ സ്വീകരിച്ച വിശ്വാസം മറ്റുള്ളവരുമായി പങ്കുവയ്ക്കാൻ കടമയുണ്ട്." രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ വൈദികർക്കായുള്ള രേഖയിലും ഇക്കാര്യം ഓർമ്മിപ്പിക്കുന്നുണ്ട്: "മുഴുവൻ ശരീരത്തിന്റെയും ദൗത്യത്തിൽ പങ്കുവഹിക്കാത്ത ഒരു അവയവവുമില്ല. പ്രത്യുത, ഓരോ അംഗവും സ്വഹൃദയത്തിൽ യേശുവിനെ വാഴ്ത്താനും പ്രവചനത്തിന്റെ ആത്മാവാൽ അവിടത്തേക്ക് സാക്ഷ്യം വഹിക്കാനും കടപ്പെട്ടിരിക്കുന്നു" (PO 2).

"സുവിശേഷത്തിന്റെ ആനന്ദം" എന്ന അപ്പോസ്തോലികാഹ്വാനത്തിൽ ഫ്രാൻസിസ് പാപ്പായും ഇക്കാര്യം ഓർമ്മിപ്പിക്കുന്നുണ്ട്: "സുവിശേഷം സ്വീകരിക്കാൻ എല്ലാവർക്കും അവകാശമുണ്ട്. ആരെയും ഒഴിവാക്കാതെ സുവിശേഷം പ്രഘോഷിക്കാൻ ക്രൈസ്തവർക്കു കടമയുണ്ട്" (EG 14). അതുകൊണ്ട്, "നമുക്ക് നിസ്സംഗതയോടെ പള്ളിക്കെട്ടിടങ്ങളിൽ സ്വസ്ഥമായി കാത്തിരിക്കാൻ പാടില്ല" (EG 15). നവസുവിശേഷവത്കരണത്തിന്റെ മൂന്നു സുപ്രധാന മേഖലകളെക്കുറിച്ചും ഫ്രാൻസിസ് പാപ്പാ ഈ പ്രബോധനത്തിൽ ഓർമ്മിപ്പിക്കുന്നുണ്ട്: (1) സാധാരണ അജപാലനശുശ്രൂഷയുടെ മണ്ഡലം. ആരാധനാസമൂഹത്തിൽ സ്ഥിരം പങ്കെടുക്കുന്നവരും കർത്താ

വിന്റെ വചനത്താലും നിത്യജീവന്റെ അപ്പത്താലും പോഷിപ്പിക്കപ്പെടാനായി ഞായറാഴ്ചകളിൽ (കർത്താവിന്റെ ദിവസത്തിൽ) ഒന്നിച്ചുകൂടുന്നവരുമായ വിശ്വാസികൾക്കുവേണ്ടിയുള്ളതാണത്. (2) മാമ്മോദീസ സ്വീകരിച്ചവരും എന്നാൽ തദനുസൃതം ജീവിക്കാത്തവരുമായ വ്യക്തികൾക്കുവേണ്ടിയുള്ള ശുശ്രൂഷ. അവർക്ക് സഭയുമായി ഹൃദ്യമായ ബന്ധമൊന്നുമില്ല. വിശ്വാസത്തിന്റെ ആനന്ദവും സുവിശേഷത്തോടുള്ള പ്രതിജ്ഞാബദ്ധതയുള്ളവരാകാനുള്ള ആഗ്രഹവും ജനിപ്പിക്കുന്ന മാനസാന്തരം ഇക്കൂട്ടരിൽ ഉണ്ടാകാൻവേണ്ടിയാണത്. (3) യേശുക്രിസ്തുവിനെ ഇതുവരെ അറിഞ്ഞിട്ടില്ലാത്തവരുടെ  ഇടയിലുള്ള ശുശ്രൂഷ. യേശുക്രിസ്തുവിനെ അറിഞ്ഞിട്ടും അവിടുത്തെ ഉപേക്ഷിച്ചു ജിവിക്കുന്നവർക്കുവേണ്ടിയുള്ള സുവിശേഷപ്രഘോഷണവും ഇതിൽപ്പെടുന്നു. ഇവർക്കുവേണ്ടിയുള്ള പ്രഘോഷണമാണ് പ്രഥമവും പ്രധാനവുമായുള്ള സുവിശേഷവത്കരണം.

അസാധാരണ പ്രേഷിതമാസത്തിൽ ശ്രദ്ധവയ്ക്കേണ്ട നാലുകാര്യങ്ങളെക്കുറിച്ച്  "ജ്ഞാനസ്നാനപ്പെട്ട് അയയ്ക്കപ്പെട്ടവർ" എന്ന രേഖയിൽ പറയുന്നുണ്ട്: 1. വിശുദ്ധ കുർബാന, ദൈവവചനം, വ്യക്തിപരവും സമൂഹപരവുമായ പ്രർത്ഥനകൾ എന്നിവയിലൂടെ സഭയിൽ ഇന്നും ജീവിക്കുന്ന ക്രിസ്തുവിനോടുള്ള വ്യക്തിപരമായ ബന്ധത്തിലുള്ള ജീവിതം. 2. പ്രേഷിതരായ വിശുദ്ധരുടെയും രക്തസാക്ഷികളുടെയും വിശ്വാസപ്രഘോഷകരുടെയും ലോകമാസകലമുള്ള സാക്ഷ്യങ്ങൾ മാതൃകയാക്കിക്കൊണ്ടുള്ള ക്രൈസ്തവജീവിതസാക്ഷ്യം. 3 വിശുദ്ധഗ്രന്ഥം, മതബോധനം, ആദ്ധ്യാത്മികശാസ്ത്രം, ദൈവശാസ്ത്രം തുടങ്ങിയവയിൽ അധിഷ്ഠിതമായ വൈദിക-സന്ന്യസ്ത-അല്മായ മേഖലകളിലുള്ള പ്രേഷിത രൂപീകരണം. 4. ദരിദ്രരോടും വിലപിക്കുന്നവരോടും പക്ഷം ചേർന്നുകൊണ്ട് ക്രിസ്തുസ്നേഹം പ്രകടമാക്കുന്ന നിസ്വാർത്ഥമായ പ്രേഷിത സ്നേഹവും പരിചരണവും.

1893-ൽ ലെയോ 13-ാമൻ പാപ്പാ പറഞ്ഞു: "ഭാരതമേ, നിന്റെ രക്ഷ നിന്റെ സന്താനങ്ങളിൽ." അരനൂറ്റാണ്ടു കഴിഞ്ഞപ്പോൾ ഇന്ത്യ വിദേശാധിപത്യത്തിൽനിന്ന് സ്വതന്ത്രയായി. ക്രമേണ  വിദേശ മിഷനറിമാരുടെ ഇന്ത്യയിലേക്കുള്ള പ്രവാഹവും തടസ്സപ്പെട്ടു. ഭാരതം മുഴുവന്റെയും സുവിശേഷവത്ക്കരണം ഇന്ന് ഭാരതത്തിന്റെ സന്താനങ്ങളായ ഓരോ വിശ്വാസിയുടെയും കടമയാണ്. മിഷനറിമാരുടെ പ്രേഷിതചൈതന്യം നമ്മളും ഉൾക്കൊള്ളേണ്ടിയിരിക്കുന്നു. അസാധാരണ പ്രേഷിതമാസത്തിന്റെ പ്രഖ്യാപനം അതിന് അവസരമാക്കിയെടുക്കാൻ നമുക്ക് പരിശ്രമിക്കാം.

ഈ പ്രേഷിതമാസം കാര്യക്ഷമമാക്കാൻ ചിലകാര്യങ്ങൾ നിർദ്ദേശിക്കുന്നു:

1. നമ്മുടെ പ്രഥമ പ്രേഷിത കൃത്യം പ്രാർത്ഥനയാണ്. പ്രേഷിതർക്കുവേണ്ടിയും പ്രേഷിതപ്രവർത്തനങ്ങൾക്കുവേണ്ടിയും എല്ലാവരും തീക്ഷ്ണതയോടെ പ്രാർത്ഥിക്കണം.
2. ഓരോ വിശ്വാസിയും മിഷനറിയാകാൻ വിളിക്കപ്പെട്ടിരിക്കുന്നു എന്ന അവബോധം വളർത്തുന്നതിന് രൂപതാ-ഫെറോനാ-ഇടവക തലങ്ങളിൽ സെമിനാറുകളും ക്ലാസുകളും എക്സിബിഷനും സംഘടിപ്പിക്കുക.

3. മിഷനറി പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കാൻ രൂപതാതലത്തിൽ പ്രത്യേകം പരിശീലനം സിദ്ധിച്ച ആനിമേറ്റർമാരുടെ ടീമംഗങ്ങളെ ഒരുക്കുകയും അവരുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും ചെയ്യുക.

4. സ്നേഹത്തിന്റെയും പങ്കുവയ്പിന്റെയും പരിത്യാഗത്തിന്റെയും ശീലം അർത്ഥികളിൽ വളർത്തുന്നതിന് ആവശ്യമായ പ്രേഷിത ബോധ്യങ്ങളുള്ള പരിശീലകരെ രൂപപ്പെടുത്തുക.

5. കുട്ടികൾ, കൗമാരക്കാർ, യുവജനങ്ങൾ എന്നിങ്ങനെ തിരിച്ച് ഓരോ വിഭാഗത്തിനും ആവശ്യമായ പ്രേഷിതരൂപീകരണം നല്കുന്നതിന് സംവിധാനങ്ങൾ ഒരുക്കുക.

6. വൈദിക പരിശീലനത്തിന്റെ പ്രാരംഭദശമുതൽതന്നെ അർത്ഥികളിൽ പ്രേഷിതസ്വഭാവം രൂപപ്പെടുന്നതിന് അവസരമൊരുക്കുക.

7. മിഷനെക്കുറിച്ചും മിഷൻ പ്രവർത്തനങ്ങളെക്കുറിച്ചും കൂടുതൽ പഠിക്കാൻ മിഷനെക്കുറിച്ചുള്ള സഭാപ്രബോധനങ്ങൾ അടിസ്ഥാനമാക്കി പ്രത്യേക കോഴ്സുകളും പഠനശിബിരങ്ങളും സംഘടിപ്പിക്കുക. (Eg. Ad Gentes, 1965; Evangelii Nuntiandi, 1975; Redempotoris Missio, 1990; Evangelii Gaudium, 2013). പിഒസിയിൽ നടന്നുവരുന്ന വിറ്റ്നസസ് ഓഫ് മേഴ്സി എന്ന പ്രേഷിത പരിശീലന പരിപാടിയിലേക്ക് കൂടുതൽ ആളുകളെ പങ്കെടുപ്പിക്കുന്നത് പ്രേഷിതാഭിമുഖ്യമുള്ള വിശ്വാസികളെ രൂപപ്പെടുത്തുന്നതിന് സഹായകമാണ്.

8. രൂപതകളിൽ മതബോധനരംഗത്ത് കൂടുതൽ പ്രേഷിത രൂപീകരണം ലഭിക്കത്തക്കവിധം മതാധ്യാപകർക്കായി മിഷൻയാത്രകൾ ഉൾപ്പെടെയുള്ള പരിശീലന പരിപാടികൾ സംഘടിപ്പിക്കുകയും കുട്ടികളിൽ പ്രേഷിത ചൈതന്യം രൂപപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും ചെയ്യുക.

9. യുവതീയുവാക്കൾക്ക് മിഷൻ രംഗത്ത് താത്പര്യം ലഭിക്കത്തക്കവിധം യുവജനസംഘടനകളുടെ പരിശീലന പ്രവർത്തനങ്ങൾ പരിഷ്കരിക്കുക. ഇന്നത്തെ ലോകത്തിന്റെ പ്രശ്നങ്ങളെ മിഷൻ തീക്ഷ്ണതയോടെ അഭിമുഖീകരിക്കാൻ മറ്റാരെക്കാൾ യുവജനങ്ങൾക്കാണല്ലോ കഴിയുക.

10. കേരളത്തിനു പുറത്തുള്ള മിഷൻ കേന്ദ്രങ്ങൾ സന്ദർശിച്ച് മിഷനെക്കുറിച്ച് കൂടുതൽ മനസ്സിലാക്കാനും പഠിക്കാനും വൈദികർക്കും സന്ന്യസ്തർക്കും അല്മായർക്കും (സംഘടനാതലത്തിൽ) അവസരങ്ങൾ ഒരുക്കുക.

11. ഏതെങ്കിലും മിഷൻ രൂപതയെയോ മിഷൻ മേഖലയെയോ പ്രത്യേകമായി തെരഞ്ഞെടുത്ത് അവരെ ആത്മീയമായും അജപാലനപരമായും സാമ്പത്തികമായും സഹായിക്കുന്നതിനും നമ്മുടെ വിഭവങ്ങൾ അവരുമായി പങ്കുവയ്ക്കുന്നതിനും സൗകര്യങ്ങൾ ഒരുക്കുക.

12. "അസാധാരണ പ്രേഷിതമാസത്തിന്റെ" (2019 ഒക്ടോബർ) ഔദ്യോഗിക ഉദ്ഘാടനം രൂപതാതലത്തിൽ നടത്തുക. ലോഗോ അടങ്ങിയ ഒരു കൊടിയോ ബാനറോ ഇടവകകൾതോറും പ്രദർശിപ്പിക്കുന്നത് ഉചിതമായിരിക്കും.

13. മിഷൻമേഖലകളിൽ ദീർഘകാലം ശുശ്രൂഷ നിർവഹിച്ച മിഷണറിമാരെ രൂപതാതലത്തിൽ പ്രത്യേകമായി ആദരിക്കുന്നത് മിഷൻ പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് സഹായിക്കും.
14. വൈദിക-സന്ന്യസ്ത ജീവിതത്തിലേക്ക് കടന്നുവരാൻ താത്പര്യമുള്ളവരെ കണ്ടെത്തി ദൈവവിളി പ്രോത്സാഹിപ്പിക്കുന്നതിൽ പ്രത്യേകം ശ്രദ്ധ വയ്ക്കുക.
15. മിഷൻ പ്രവർത്തനങ്ങളെക്കുറിച്ചും മിഷനറിമാരെക്കുറിച്ചും കൂടുതൽ അറിയാനും പഠിക്കാനും പ്രത്യേക അവസരങ്ങൾ കുടുംബ കൂട്ടായ്മകളിലും മറ്റു വേദികളിലും ഒരുക്കാവുന്നതാണ്.
16. പ്രാദേശികമായി നടത്താവുന്ന മിഷൻ പ്രവർത്തനങ്ങളെക്കുറിച്ച് പഠനവും ചർച്ചകളും സംഘടിപ്പിക്കുക.
17. അല്മായ പ്രേഷിത സംരംഭങ്ങൾക്ക് പിന്തുണയും പ്രോത്സാഹനവും നല്കി വളർത്തുക.
18. മിഷൻ ഞായറിലേക്കുള്ള വിഭവസമാഹരണം കൂടുതൽ ക്രിയാത്മകമായും കാര്യക്ഷമമായും നടത്തുക.

**ഉപസംഹാരം**

സാർവത്രിക സഭയിലെ അംഗങ്ങൾ എന്ന നിലയിൽ കേരളത്തിലെ സഭകൾ സുവിശേഷ പ്രഘോഷണരംഗത്ത് കാലാകാലങ്ങളായി സജീവമായി പ്രവർത്തിച്ചുവരുന്നു. ഭാരതം മുഴുവനും സഭയുടെ മിഷൻ മേഖലയായി കണ്ടുകൊണ്ട് മൂന്നു പ്രാദേശിക സഭകളും മിഷൻ മേഖലയിൽ കൈകോർക്കുന്ന ഒരു പുതിയ മിഷനറി മുന്നേറ്റത്തിന്റെ നൂറ്റാണ്ടിനു തുടക്കം കുറിക്കാൻ ഫ്രാൻസിസ് പാപ്പാ പ്രഖ്യാപിച്ചിരിക്കുന്ന ഈ അസാധാരണ പ്രേഷിതമാസത്തിന്റെ ആചരണങ്ങളും തുടർന്നുള്ള പ്രവർത്തനങ്ങളും സഹായകമാകട്ടെ. പ്രേഷിത പ്രവർത്തനങ്ങളെ ഫലദായകമാക്കുന്ന പരിശുദ്ധാത്മാവ് നമ്മുടെ എല്ലാ പ്രേഷിത സംരംഭങ്ങളെയും നയിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുമാറാകട്ടെ.

സ്നേഹാദരങ്ങളോടെ,

**ആർച്ചുബിഷപ് എം. സൂസപാക്യം**
പ്രസിഡന്റ്, കെസിബിസി

**ബിഷപ് യൂഹാനോൻ മാർ ക്രിസോസ്തം**
വൈസ് പ്രസിഡന്റ്, കെസിബിസി

**ആർച്ചുബിഷപ് മാർ മാത്യു മൂലക്കാട്ട്**
സെക്രട്ടറി ജനറൽ, കെസിബിസി

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി - 682 025

N.B. 2019 സെപ്തംബർ 1-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചു കൊടുക്കുകയോ ചെയ്യേണ്ടതാണ്.

# കുരിശിന്റെ മഹത്വം

സി.മേരി ജ്യോതിസ് DIH

"നാശത്തിലൂടെ ചരിക്കുന്നവർക്ക് കുരിശിന്റെ വചനം ഭോഷത്തമാണ്. രക്ഷയിലൂടെ ചരിക്കുന്ന നമുക്കോ അത് ദൈവത്തിന്റെ ശക്തിയത്രേ" (1 cor 1:18).

ബി.സി. 6-ാം നൂറ്റാണ്ടിൽ ബാബിലോണിയാക്കാരാണ് കുരിശുമരണം ആദ്യമായി ശിക്ഷയായി ഉപയോഗിച്ചത്. അതിന് ശേഷം അത് സിറിയാ, ഈജിപ്ത്, ഗ്രീസ്, ജപ്പാൻ, മെക്സിക്കോ എന്നിവിടങ്ങളിൽ ഉപയോഗിക്കപ്പെടാൻ തുടങ്ങി. ഏ.ഡി. 4-ാം നൂറ്റാണ്ടു മുതലാണ് വി. കുരിശ് ക്രൈസ്തവരുടെ മതചിഹ്നമായി മാറിയത്. അതിന് മുൻപ് വരെ കൊടുംകുറ്റവാളികൾക്ക് നൽകുന്ന കഠിനമായ ശിക്ഷയായിരുന്നു കുരിശുമരണം. കുരിശിൽ കൊല്ലപ്പെടുന്നവൻ ശപിക്കപ്പെട്ടവനെന്നാണ് കണക്കാക്കിയിരുന്നത്. അതു കൊണ്ടു തന്നെയാണ് യേശുവിന് ഏറ്റവും ഹീനമായ കുരിശുമരണം റോമൻ ഭരണകൂടവും യഹൂദമതനേതാക്കന്മാരും വിധിച്ചത്. കുരിശിൽ മരിക്കുന്നതിലൂടെ യേശു ശപിക്കപ്പെട്ടവനായി പരിഗണിക്കപ്പെടുമെന്ന് അവർ കരുതി. പക്ഷേ യേശുവിന്റെ കുരിശുമരണത്തിലൂടെ കുരിശ് ദൈവത്തിന്റെ ശക്തിയുടെ അടയാളമായി മാറി. യേശുവിന്റെ കുരിശുമരണം സകലജനതകൾക്കും രക്ഷയുടെ സ്രോതസ്സായി. വി. കുരിശ് വലിയ സാധ്യതകളിലേക്കാണ് മനുഷ്യരെ എത്തിക്കുന്നത്. വെറുക്കപ്പെട്ടിരുന്ന ഒരടയാളം പൊടുന്നനവെ രക്ഷാകരമായിരിക്കുന്നു. മനുഷ്യന്റെ ആരംഭം മുതൽ അവന് കൂട്ടായുള്ളതാണ് സഹനവും വേദനയും. കണ്ണീരിന്റെ താഴ്വരയെന്നാണ് ചില പ്രാർത്ഥനകളിൽ ഭൂമിയെക്കുറിച്ചുള്ള പരാമർശം. പലതിനേയും ആരാധിക്കുന്നതിലൂടെ മനുഷ്യൻ തന്റെ ജീവിതത്തിലെ ദുഃഖങ്ങൾക്ക് ഒരുത്തരം തിരയുകയാണ്. എന്നാൽ ക്രിസ്തുവാണ് സഹനങ്ങളെ എങ്ങനെ രക്ഷാകരമാക്കണം എന്ന് കാണിച്ചുതന്നത്. ദുഃഖവും വേദനയും എവിടെ നിന്ന്  എന്നതിനെക്കുറിച്ച് ക്രിസ്തുവിന് ഒന്നും പറയാനില്ല. എന്നാൽ അവ നമ്മെ എങ്ങോട്ട് നയിക്കണം എന്നതിനെക്കുറിച്ച് അവന് ഒരുപാടു പറയാനുണ്ട്. സന്തോഷങ്ങളെ അവൻ ആസ്വദിച്ചു. ദുഃഖങ്ങളോട് അവൻ പൊരുതി. എന്നിട്ടും തോല്പിക്കാനാവാതിരുന്ന വേദനകളുടെ മുൻപിൽ അവൻ ശിരസ്സുയർത്തി നിന്നു. ശരിയാണ് അവന് ആഗ്രഹമുണ്ട്. ദാരുണമായ ഒരന്ത്യം എങ്ങനെയും ഒഴിവാക്കണമെന്ന്. അതിനു വേണ്ടി നെഞ്ചുപൊട്ടി ദൈവത്തോട് അപേക്ഷിക്കുന്നുമുണ്ട്. പക്ഷേ ദൈവം ഒരത്ഭുതവും ചെയ്യുന്നില്ല. അപ്പോൾ, അവിടെ ക്രിസ്തു സ്വയമൊരു അത്ഭുതമായി മാറുകയാണ്. നെഞ്ചത്ത് കുത്തിയവനോട് പൊറുക്കുകയാണ്. ആളുകൾക്ക് അവനെ തൂക്കിലേറ്റാനേ സാധിച്ചുള്ളു. ആ ചുണ്ടിലെ ചിരി മായ്ക്കാനായില്ല. കുരിശിൽ മാത്രമായിരുന്നില്ല അവന്റെ സഹനങ്ങൾ. നിഴൽ പോലെ അതവനെ പിന്തുടരുന്നുണ്ട്. അവന് ഭ്രാന്താണോയെന്ന് സ്വന്തക്കാർ പോലും സംശയിക്കുന്നുണ്ട് (മർക്കോ 3:21) തിരികളൊക്കെ കെട്ടുപോവുകയും നക്ഷത്രങ്ങളൊക്കെ അണഞ്ഞു പോവുകയും ചെയ്തി

രുന്നു അവന്റെ ജീവിതത്തിൽ. എന്നിട്ടുമവൻ ഉള്ളിലെ കനലുകളെ ജ്വലിപ്പിച്ചു നിർത്തുകയാണ്. ആ ജീവിതം നല്കുന്നത് പ്രശ്നങ്ങൾക്കു പരിഹാരമല്ല അത് നേരിടാനുള്ള കരുത്താണ്. ഈ പ്രളയകാലത്ത് സകലതും നഷ്ടപ്പെട്ട് നെഞ്ച് തകർന്നു നിൽക്കുന്ന ഒരു കൂട്ടം മനുഷ്യർ നമുക്കു ചുറ്റുമുള്ളപ്പോൾ ക്രിസ്തുവിന്റെ കുരിശ് പ്രത്യാശയുടെ അടയാളമാണ്. സ്വന്തം ചാരത്തിൽ നിന്നും പറന്നുയരുന്ന ഫീനിക്സ് പക്ഷിയെപ്പോലെ വീണ്ടും ഒരുയിർത്തെഴുന്നേല്പിന് അത് പ്രചോദനമാകുന്നു. ജീവിതം വച്ചു നീട്ടുന്ന സുഖദുഃഖങ്ങളുടെയും ദൗർഭാഗ്യങ്ങളുടേയും കാര്യത്തിൽ നമുക്ക് നിയന്ത്രണമില്ല. പക്ഷേ. അവയെങ്ങനെ അഭിമുഖീകരിക്കണം എന്ന് ക്രിസ്തു നമ്മെ പഠിപ്പിക്കുന്നു. ദൈവത്തെക്കുറിച്ചുള്ള നമ്മുടെ അറിവുകളെല്ലാം എത്തിച്ചേരുന്നത് കുരിശിലാണ്. മനുഷ്യന്റെ ബലഹീനതയെ കുരിശിലൂടെ അവൻ വിശുദ്ധീകരിക്കുന്നു. ബലപ്പെടുത്തുന്നു. അത് കൊണ്ട് തന്നെയാണ് നമ്മുടെ അധരങ്ങളിൽ എന്നും ഈ പ്രാർത്ഥന ഉയരുന്നത്. “വി. കുരിശിന്റെ അടയാളത്താൽ ഞങ്ങളുടെ ശത്രുക്കളിൽ നിന്നും ഞങ്ങളെ രക്ഷിക്ക ഞങ്ങളുടെ തമ്പുരാനേ.”

---

## വൈദികദിനാഘോഷവും നല്ല സമറായൻദിനവും : പയസ് നഗർ





# പരി. വ്യാകുലമാതാവ് : കനിവിന്റെ അമ്മ

ഫാ. ജിജോ സെബാസ്റ്റ്യൻ കുടിലിൽ. സി.എസ്.സി.

പരിശുദ്ധ അമ്മയുടെ വ്യാകുലങ്ങളെ ധ്യാനിക്കുന്ന മാസമാണ് സെപ്റ്റംബർ. സെപ്റ്റംബർ മാസം 14ന് വി. കുരിശിന്റെ പുകഴ്ചയുടെ തിരുനാൾ ആഘോഷിക്കുന്ന സഭ, തൊട്ടടുത്ത ദിവസം തന്നെ പരി. അമ്മയുടെ വ്യാകുലങ്ങളെ ധ്യാനിക്കുന്നു. "എല്ലാം പൂർത്തിയായിരിക്കുന്നു" എന്ന തിരുസുതന്റെ അന്ത്യവാക്കുകൾ മറിയത്തിന്റെ വ്യാകലങ്ങളുടെയും കൂടി പൂർത്തികരണമായിരുന്നു. പരി. അമ്മയെ സ്നേഹിക്കുന്നവർക്കും ആദരിക്കുന്നവർക്കും സ്വർഗ്ഗം നല്കിയ സ്നേഹത്തിന്റെയും ത്യാഗത്തിന്റെയും മദ്ധ്യസ്ഥത്തിന്റെയും സ്വർഗ്ഗീയ സമ്മാനങ്ങളുടെയും ആകെ തുകയാണ് പരിശുദ്ധ അമ്മ.

**പരിശുദ്ധ അമ്മയുടെ ഏഴ് വ്യാകുലങ്ങൾ**

1. ശിമയോന്റെ പ്രവചനം
2. ഈജിപ്തിലേക്കുള്ള പലായനം
3. ഈശോയെ അവിടുത്തെ 12-ാം വയസ്സിൽ ദൈവാലയത്തിൽ വച്ച് കാണാതാകുന്നു.
4. കുരിശ് ചുമന്ന് കാൽവരിയിലേക്ക് നീങ്ങുന്ന ഈശോയെ മാതാവ് കാണുന്നു.
5. ഈശോയുടെ കുരിശുമരണ സമയത്ത് കുരിശിൽ ചുവട്ടിൽ നിൽക്കുന്നു
6. ഈശോയുടെ മൃതദേഹം മടിയിൽ കിടത്തിയത്.
7. ഈശോയെ സംസ്കരിച്ചത്.

ശിമയോന്റെ പ്രവചനം പോലെ ഹൃദയം പിളർക്കപ്പെട്ട വ്യാകുലങ്ങൾ ജീവിതകാലം മുഴുവൻ മാതാവിനെ പിന്തുടർന്നു. ലോകരക്ഷകനായ ഈശോയോടും അവിടുത്തെ പീഢാനുഭവത്തോടും അവിടുത്തെ രക്ഷാകര പദ്ധതിയോടും ഹൃദയം കൊണ്ടും ജീവിതം കൊണ്ടും ചേർത്ത് നിർത്താൻ ദൈവം നിശ്ചയിച്ചവ ആയിരുന്നു ആ വ്യാകുലങ്ങൾ. തന്റെ പ്രിയപുത്രന്റെ പീഢകൾ അല്പം പോലും കുറവില്ലാതെ ഹൃദയത്തിൽ ആവാഹിച്ച ആ അമ്മയുടെ ഹൃദയ വ്യഥകൾ ആത്മീയ വളർച്ചക്കായി നമുക്ക് നല്കപ്പെട്ടിരിക്കുന്ന ധ്യാനവിഷയമാണ്. ഈ വ്യാകുലങ്ങളുമായി സ്വയം താദാത്മ്യപ്പെട്ടുകൊണ്ടുള്ള പ്രാർത്ഥനകളും സമർപ്പണവും നമുക്ക് നേടിത്തരുന്നത് അളവില്ലാത്ത നന്മകളും അനുഗ്രഹങ്ങളുമാണ്.

തളർന്നു പോകാൻ ആയിരം കാരണങ്ങൾ ഉണ്ടായിരുന്നവൾ ആയിരുന്നു പരി. അമ്മ. പുരുഷനെ അറിയാതെ ഗർഭവതിയായവൾ, യഹൂദ പാരമ്പര്യത്തിൽ കല്ലെറിഞ്ഞു കൊല്ലപ്പെടേണ്ടവൾ, തണുത്തുറഞ്ഞ രാത്രിയിൽ കാലിത്തൊഴുത്തിൽ തന്റെ പുത്രന് ജന്മം നല്കുന്നവൾ, കാണാതാകുന്ന പുത്രനെ തിരഞ്ഞ് വേവലാതിപ്പെടുന്നവൾ, വീടുവിട്ട് ഇറങ്ങുന്ന മകനെകുറിച്ച് അത്ര ശുഭകരമല്ലാത്ത വാർത്തകൾ കേൾക്കുന്നവൾ, ഒരു രാത്രിയിൽ മുഴുവൻ വിചാരണ ചെയ്യപ്പെടുന്ന പുത്രന്റെ അമ്മയാകാൻ വിധിക്കപ്പെട്ടവൾ, ഒടുവിൽ ആകാശത്തിനും ഭൂമിക്കും മദ്ധ്യേ തൂക്കപ്പെട്ടവനെ കാണുന്നവൾ ചേതനയറ്റ 33 കാരന്റെ ശരീരം സ്വന്തം മടിയിൽ കിടത്തിയവൾ..

ഒരു സ്ത്രീക്ക് കടന്ന് പോകാൻ കഴിയുന്ന എല്ലാ ദുഃഖങ്ങളുടെയും ആഴം കണ്ടവൾ.... സ്നേഹം എന്നാൽ ത്യാഗം ആണെന്ന് ജീവിതത്തിലൂടെ കാണിച്ചുതന്നവൾ... സുവിശേഷം മുഴുവൻ കണ്ണീരിൽ കുതിർന്ന ഒരമ്മയുടെ അക്ഷരക്കൂട്ടമാക്കിയവൾ.. ഒരു കടലോളം വിശ്വസ്തത പറഞ്ഞ വാക്കിന് നല്കിയവൾ... ഇതാ കർത്താവിന്റെ ദാസി, നിന്റെ വചനം എന്നിൽ നിറവേറട്ടെ എന്ന് പറഞ്ഞ് വചനം നിറവേറാൻ രാപ്പകൽ മകന് കാവലായിരുന്നവൾ.. മരണ വേദനയിലും തന്റെ പിതാവിന്റെ ഇഷ്ടം നിറവേറപ്പെടട്ടെ എന്ന് പറയാൻ തന്റെ മകനെ പഠിപ്പിച്ചവൾ.. അതാണ് പരിശുദ്ധ അമ്മ. തകരാത്തവൾ... പതറാത്തവൾ...

പരിശുദ്ധ അമ്മ തുണയായിട്ടുള്ള ഒരു സഭ ഒരിക്കലും അനാഥമാവില്ല. കാരണം പരിശുദ്ധ അമ്മയിലാണ് പരിശുദ്ധാത്മാവിനാൽ ദൈവപുത്രൻ മാംസരക്തം പ്രാപിച്ചത്. പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടുന്ന സഭ, അവിടെ പരിശുദ്ധ അമ്മയുടെ കാവലും സംരക്ഷണവും ആദിമസഭയിൽ എന്നപോലെ ഇന്നും ശക്തമാണ്. ഒരു വൈദികനെന്ന നിലയിൽ എനിക്ക് പറയാൻ കഴിയും ദിവ്യകാരുണ്യം കഴിഞ്ഞാൽ പിന്നെ എന്റെ ശക്തി പരിശുദ്ധ ജപമാലയാണ്. ഇന്ന് ഞാൻ തിരുസഭയിൽ ഒരു സന്യാസവൈദീകനായി നിലനിൽക്കുന്നു എങ്കിൽ പരി. അമ്മ എനിക്കു വേണ്ടി സ്വർഗ്ഗത്തിൽ നിരന്തരം പ്രാർത്ഥിക്കുന്നുണ്ട്. തന്റെ പുത്രന്റെ സഭയുടെ കാവൽക്കാരന്റെ ചുവടുകൾ പതറാതിരിക്കാൻ ഓരോ ദിവസവും ദിവ്യകാരുണ്യത്തിൽ നിന്നും ജപമാലയിൽ നിന്നും ശക്തി സ്വീകരിക്കുമ്പോൾ, പുതിയ ശക്തിയാൽ പുതിയ ധൈര്യത്താൽ നിറയപ്പെടുന്നു.

അമ്മേ എന്ന് വിളിച്ച് കൊതി തീരാത്ത ഒരു കുഞ്ഞ് എല്ലാവരിലും ഉണ്ട്. എപ്പോൾ വിളിച്ചാലും വിളി കേൾക്കാൻ ഒരമ്മയും നമുക്കുണ്ട്. ഇതാണ് ക്രിസ്ത്യാനിയുടെ ആത്മീയ ജീവിതത്തിന്റെ ആനന്ദം. അമ്മയുടെ കരം പിടിച്ച ആരും നിരാശരായിട്ടില്ല. കാരണം അമ്മയ്ക്ക് നമ്മുടെ ഓരോരുത്തരുടെയും നെഞ്ചിന്റെ നൊമ്പരം അറിയാൻ സാധിക്കും. എല്ലാ വേദനകളുടെയും ആഴം അനുഭവിച്ച ഒരാൾക്ക് മറ്റൊരാളുടെ ചങ്കിന്റെ നീറ്റൽ കാണാതിരിക്കാൻ കഴിയില്ലല്ലോ...?

പരിശുദ്ധ അമ്മയുടെ വ്യാകുലങ്ങൾ നമ്മുടെ സ്വർഗ്ഗീയ ആനന്ദമാണ്. നമുക്കായ് ഒരു അമ്മ... ശുദ്ധീകരണ സ്ഥലത്ത് പോലും ഇറങ്ങി വന്ന് ആത്മാക്കളെ രക്ഷിക്കുന്ന ഒരമ്മ... അതാണ് അമ്മയുടെ ഹൃദയം. വ്യാകുലങ്ങളാൽ മുറിപ്പെട്ട ഹൃദയം അത് വിമലഹൃദയമാകണമെങ്കിൽ അവിടെ കനിവിന്റെ വറ്റാത്ത ഒരു നീരൊഴുക്ക് ഉണ്ട്. ദിവ്യകാരുണ്യനാഥനിലേക്ക്, എല്ലാ ദേവന്മാരുടെയും ദേവനിലേക്ക് നമ്മെയും എത്തിക്കുന്ന ശക്തമായ നീരൊഴുക്ക്...

കനിവിന്റെ വറ്റാത്ത ഉറവ... നമ്മുടെ ദൈനംദിന ജീവിതവുമായി ചിന്തിക്കുമ്പോൾ ഏറെ വേദനകളിലൂടെയും പ്രശ്നങ്ങളിലൂടെയും കടന്ന് പോകുന്ന നമുക്ക് മുമ്പിൽ വലിയ ആശ്രയമാണ് വ്യാകുലമാതാവ്. നമ്മുടെ വ്യാകുലതകളെ പരി. അമ്മയോട് ചേർന്ന് ദൈവതിരുമുമ്പിൽ സമർപ്പിക്കാൻ നമുക്ക് കഴിഞ്ഞാൽ അത് വലിയ അനുഗ്രഹങ്ങൾക്ക് കാരണമാകും. ദൈവപദ്ധതിയുടെ ഭാഗമായ വേദനകളെ സന്തോഷത്തോടെ സ്വീകരിച്ച അമ്മ നമ്മുടെ വേദനകളിൽ ആശ്വാസം നേടിത്തരും.

വ്യാകുലമാതാവേ ഞങ്ങളുടെ കണ്ണീരിലും വേദനയിലും ഞങ്ങൾക്ക് തുണയായിരിക്കേണമേ.

# 2019 – ലെ മഴക്കെടുതി സംബന്ധിച്ച്

## കെ.സി.ബി.സി. പുറപ്പെടുവിക്കുന്ന സർക്കുലർ

യേശുവിൽ പ്രിയ സഹോദരരേ,

2019 ആഗസ്റ്റ് മാസം 5 മുതൽ കേരളത്തിന്റെ വിവിധഭാഗങ്ങളിലുണ്ടായ കനത്തമഴയും വെള്ളപ്പൊക്കവും ഉരുൾപൊട്ടലും മൂലം ഇക്കൊല്ലവും നമ്മൾ ദുരിതദിനങ്ങളിലൂടെ കടന്നുപൊയ്ക്കൊണ്ടിരിക്കുകയാണ്. കേരളത്തിന്റെ വടക്കൻ ജില്ലകളെയും ഹൈറേഞ്ചു മേഖലയെയുമാണ് മഴക്കെടുതി തീവ്രമായി ബാധിച്ചത്. ഓഗസ്റ്റു 16 വരെ ദുരന്തത്തിൽ ജീവൻ നഷ്ടപ്പെട്ട 108 പേരുടെ മൃതദേഹങ്ങൾ കണ്ടെടുത്തു. ഉരുൾപൊട്ടലിലും മണ്ണിടിച്ചിലിലും ഒലിച്ചുപോയവരിൽ മുപ്പത്തിയഞ്ചോളം പേരുടെ മൃതദേഹങ്ങൾ കണ്ടെത്താൻ ഇനിയും കഴിഞ്ഞിട്ടില്ല. ക്യാമ്പുകളിൽ കഴിയുന്ന രണ്ടു ലക്ഷത്തോളം ആളുകൾ ദുരിതങ്ങളുടെയും നഷ്ടങ്ങളുടെയും ഭാരം പേറുന്നവരാണ്. അവരിൽ പലർക്കും ഉറ്റവരും ഉടയവരും വീടുകളും കൃഷിയും ആടുമാടുകളും കൃഷിഭൂമിയുമുൾപ്പെടെ ജീവിതത്തിന്റെ ഊടും പാവുമായിരുന്നവയെല്ലാം നഷ്ടപ്പെട്ടിരിക്കുന്നു.

കേരള സർക്കാരിന്റെ ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റിയും പോലീസ് സേനയും സൈന്യവും, ഒപ്പം മുൻവർഷത്തേതുപോലെ നാടിന്റെ നന്മ വിളിച്ചറിയിച്ചുകൊണ്ട് ധാരാളം സന്നദ്ധപ്രവർത്തകരും ദുരിതബാധിതരുടെ സഹായത്തിനെത്തി. ദുരിതമേഖലയിലെ നമ്മുടെ ഇടവകകളും സ്ഥാപനങ്ങളും സന്ന്യാസഭവനങ്ങളും രക്ഷാപ്രവർത്തനങ്ങളിലും ദുരിതാശ്വാസ പ്രവർത്തനങ്ങളിലും സജീവമായി രംഗത്തുണ്ടായി. മത്സ്യത്തൊഴിലാളികളും യുവജനങ്ങളും വൈദികരും സന്ന്യസ്തരും ആരോഗ്യ പ്രവർത്തകരുമെല്ലാം സർക്കാർ സംവിധാനങ്ങളോടു കൈകോർത്തു. ജാതി മതഭേദമെന്യേ എല്ലാ വിഭാഗം ജനങ്ങളും സഹായഹസ്തങ്ങൾ നീട്ടിയത് ദുരിതബാധിതർക്ക് കുറെയെങ്കിലും ആശ്വാസം പകരുന്നതാണ്.

ദുരന്തത്തിൽ ജീവൻ നഷ്ടപ്പെട്ടവരെ ദൈവസന്നിധിയിൽ ഓർത്ത് പ്രാർത്ഥിക്കാം. വേർപാടിന്റെയും നഷ്ടങ്ങളുടെയും ഭാരവും വേദനയും പേറുന്നവരുടെ ആശ്വാസത്തിനും പുനരധിവാസത്തിനുമായി ആത്മാർത്ഥമായി സഹകരിക്കാം. ദുരിതമേഖലയിൽ കത്തോലിക്കാസഭയുടെ സാമൂഹ്യക്ഷേമവിഭാഗം സജീവമായിരുന്നു. കെസിബിസി സാമൂഹ്യക്ഷേമവിഭാഗം ചെയർമാൻ ആർച്ചുബിഷപ്പ് തോമസ് മാർ കുറിലോസും ദുരിതമേഖലയിലെ സഭാപിതാക്കന്മാരും കേരള സോഷ്യൽ സർവ്വീസ് ഫോറവും ബത്തേരി, കണ്ണൂർ, കോഴിക്കോട്, മാനന്തവാടി, പാലക്കാട്, തലശ്ശേരി, താമരശ്ശേരി തുടങ്ങിയ സോഷ്യൽസർവ്വീസ് സൊസൈറ്റികളുടെ ഭാരവാഹികളും അടിയന്തര ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ സജീവമായിരുന്നു. കെസിബിസി അടിയന്തരസഹായമായി 10 ലക്ഷം രൂപ അനുവദിച്ചു. കെസിബിസിയുടെ ദുരിതാശ്വാസ നിധിയിലേക്ക് ഉദാരമായി സംഭാവന നല്കാൻ എല്ലാ ഇടവകകളെയും രൂപതകളെയും സ്ഥാപനങ്ങളെയും സന്ന്യാസസമൂഹങ്ങളെയും ആഹ്വാനം ചെയ്യുന്നു.

2018-ലെ പ്രളയദുരിതാശ്വാസ-പുനരധിവാസ പ്രവർത്തനങ്ങളുടെ ഒന്നാം ഘട്ട സമർപ്പണം 2019 ആഗസ്റ്റ് 5-ന് പിഒസിയിൽ നടന്നു. കാരിത്താസ് ഇന്ത്യയടക്കം വിവിധ ഏജൻസികൾ ഇക്കാര്യത്തിൽ നമുക്ക് കൈത്താങ്ങായി . അൻപതിനായിരത്തോളം കുടുംബങ്ങളിൽ ചെറുതും വലുതുമായ സഹായമെത്തിക്കാൻ കേരളത്തിലെ കത്തോലിക്കാസഭയ്ക്കു കഴിഞ്ഞു. ഇതിന്റെ വിശദമായ റിപ്പോർട്ടും കണക്കും കേരളസോഷ്യൽ സർവ്വീസ് ഫോറം ഉടൻ പ്രസിദ്ധീകരിക്കുന്നതാണ്. ഇക്കാര്യത്തിൽ നമ്മുടെ വിശ്വാസികൾ പുലർത്തിയ സഹോദരസ്നേഹവും സഹാനുഭൂതിയും മാതൃകാപരമായിരുന്നു.

ആഗസ്റ്റ് 25-ാം തീയതി പ്രർത്ഥനാദിനമായി ആചരിക്കാനും അന്നത്തെ കാണിക്കയും സമാഹരിക്കാൻ കഴിയുന്ന മറ്റു സംഭാവനകളും ആഗസ്റ്റ് 31-നകം കെസിബിസിയുടെ അക്കൗണ്ടിൽ (Kerala Catholic Bishops Council; A/c No.0423053000005221; IFSC: SIBL0000423; South Indian Bank Ltd., Vennala Branch) നിക്ഷേപിച്ച് വിവരം കെസിബിസി സെക്രട്ടറിയേറ്റിൽ (പിഒസി) അറിയിക്കാൻ അഭ്യർത്ഥിക്കുന്നു.

എല്ലാവരെയും ദൈവം സമൃദ്ധമായി അനുഗ്രഹിക്കട്ടെ!

**ആർച്ചുബിഷപ് എം. സൂസപാക്യം**
പ്രസിഡന്റ്, കെസിബിസി

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി - 682 025

**N.B.** 2019 ആഗസ്റ്റ് 18-ാം തീയതിയോ ഏറ്റവും അടുത്ത സൗകര്യപ്രദമായ ദിവസമോ ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.

---




**സെപ്റ്റംബർ**

## ജന്മദിനാശംസകൾ

**04 Fr. Mathew Vattamakkil**

**09 Fr. Francis Kambolathuparambil**

**11 Fr. Vincent Paramel**

**18 Fr. Antony Raj Kannisery**

**29 Fr. Hilary Joseph Thekkekkuttu**

**30 Fr. Dennis Kannamalil**

# ഇടവക വാർത്തകൾ



## ജീവകാരുണ്യ പദ്ധതികളുമായി കോട്ടയം നല്ലിടയൻ ഇടവക

യേശുനാഥൻ പഠിപ്പിച്ച കാരുണ്യത്തിന്റെ സന്ദേശമുൾക്കൊണ്ടുകൊണ്ട് സഭയുടെ സാമൂഹിക പ്രതിബദ്ധത വിശ്വസ്തതാപൂർവ്വം നിറവേറ്റുവാൻ യത്നിക്കുകയാണ് കോട്ടയം നല്ലിടയൻ വിശ്വാസി സമൂഹം. കഴിഞ്ഞ എതാനും വർഷങ്ങളായി ഇടവകയിൽ പ്രവർത്തിക്കുന്ന വിവിധ കാരുണ്യ സംരംഭങ്ങളിലൂടെയാണ് എളിയ രീതിയിലെങ്കിലും അവർ ക്രൈസ്തവ സ്നേഹത്തിനു മാതൃക നൽകികൊണ്ടിരിക്കുന്നത്.

വാസയോഗ്യമായ ഭവനങ്ങളില്ലാത്തവർക്കുവേണ്ടി ഇടവകയിലാരംഭിച്ച "ഈശോയ്ക്കൊരു ഭവനം" പദ്ധതിയിലൂടെ 19 ഭവനങ്ങൾ നിർമ്മിച്ചു നൽകുവാൻ കഴിഞ്ഞു. മാസംതോറും ഇടവകാംഗങ്ങളുടെ എല്ലാ ഭവനങ്ങളിലും കുടുംബകൂട്ടായ്മാടിസ്ഥാനത്തിൽ ഭാരവാഹികൾ നേരിട്ടു ചെന്ന് ശേഖരിക്കുന്ന സംഭാവനയാണ് മുഖ്യമായും ഈ പദ്ധതിയുടെ ഫണ്ട്.

രോഗികളായിരിക്കുന്നവരെ അല്പമെങ്കിലും സാമ്പത്തികമായി സഹായിക്കുവാനുദ്ദേശിച്ചുകൊണ്ട് ആരംഭിച്ച "സ്വാന്തനം പദ്ധതി" പ്രകാരം എല്ലാ മാസവും തുടർച്ചയായി 25 പേർക്ക് ചികിത്സാസഹായമെത്തിക്കുവാൻ സാധിക്കുന്നു. ഇടവകയിലെ ഓരോ കുടുംബത്തിനും വേണ്ടിയർപ്പിക്കപ്പെടുന്ന ഇടദിവസങ്ങളിലെ ദിവ്യബലികളിൽ കുടുംബാംഗങ്ങളെല്ലാവരും കാഴ്ചവയ്പായി സമർപ്പിക്കുന്ന തുകയാണ് ഈ പദ്ധതിയുടെ പ്രവർത്തനത്തിന് വിനിയോഗിക്കുക.

"പ്രണാമം പെൻഷൻ പദ്ധതി" നിർദ്ധനരും വൃദ്ധരുമായ സഹോദരങ്ങൾക്കുള്ള ഒരു കൈത്താങ്ങ് എന്ന നിലയിലാണ് പ്രാവർത്തികമാക്കിയിരിക്കുന്നത്. സുമനസ്സുകളുടെ സംഭാവനകൾ സ്വീകരിച്ചുകൊണ്ട് നടപ്പിലാക്കിയിരിക്കുന്ന ഈ പെൻഷൻ പദ്ധതിയിലൂടെ എല്ലാ മാസവും 55 പേർക്ക് 200 രൂപ സ്നേഹസമ്മാനമായി ലഭ്യമാക്കുന്നു.

കോട്ടയത്തും പരിസര പ്രദേശങ്ങളിലും വിശപ്പടക്കാൻ ആഹാരമില്ലാതെ വലയുന്ന ഏകദേശം 100 പേർക്ക് മാസത്തിന്റെ ആദ്യ ഞായറാഴ്ചകളിൽ പൊതിച്ചോറു നൽകുന്ന പരിപാടിയും ഇടവകസമൂഹം നടപ്പിലാക്കിയിട്ടുണ്ട്. ഇതിനായി ഇടവകാംഗങ്ങളുടെ ഭവനങ്ങളിൽ തയ്യാറാക്കുന്ന പൊതിച്ചോറ് രാവിലെ 11 മണിക്കു മുമ്പായി ദൈവാലയാങ്കണത്തിൽ എത്തിക്കുവാൻ ഉത്സുകരാണവർ.

ഇതിനു പുറമേ, കാൻസർ രോഗികളെ സഹായിക്കുവാൻ വിജയപുരം സോഷ്യൽ സർവ്വീസ് സൊസൈറ്റി നടപ്പിലാക്കിയിരിക്കുന്ന "ആശാകിരണം" പദ്ധതിയും ഇടവകയിൽ പ്രവർത്തിക്കുന്നു. ജാതിമതഭേദമെന്യേ ഏതാനും കാൻസർ രോഗികളെ സഹായിക്കുവാൻ ഇതിനോടകം സാധിച്ചു. "ആശാകിരണം ബോക്സിൽ" ലഭിക്കുന്ന സംഭാവനകളാണ് ഇതിനായി വിനിയോഗിക്കുന്നത്.

ഇടവകവികാരി ബഹു. ബേസിൽ പാദുവ ഒ.സി.ഡി.യുടെയും സഹവികാരി ബഹു. ലെനിൻ ജോസ് ഒ.സി.ഡി.യുടെയും സമർത്ഥമായ നേതൃത്വമാണ് ഈ ബഹുമുഖ സാമൂഹികക്ഷേമ പദ്ധതികളുടെ സുഗമമായ നടത്തിപ്പിന്റെ വിജയത്തിനു പിന്നിൽ. കുടുംബകൂട്ടായ്മ കേന്ദ്രസമിതിയംഗങ്ങൾ, ഇടവക അജപാലന സമിതി ഭാരവാഹികൾ, പ്രത്യേകം ചുമതലപ്പെടുത്തിയിരിക്കുന്ന മറ്റു ഭാരവാഹികൾ തുടങ്ങിയവരോടൊപ്പം യുവജനസമൂഹവും ആത്മാർത്ഥമായ സേവനങ്ങൾ ഈ രംഗത്ത് സമർപ്പിക്കുന്നുണ്ട്.

## ബാലവേദി സെമിനാർ– കുന്നുംഭാഗം

കുന്നുംഭാഗം ഇടവകയിൽ മതബോധന പരിശീല കേന്ദ്രത്തിലെ കുട്ടികളെകൂടി ഉൾപ്പെടുത്തി രൂപീകരിച്ചബാലവേദികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി ബോധവത്ക്കരണ ക്ലാസ് സംഘടിപ്പിച്ചു. വികാരി ഫാ. ജോസഫ് വട്ടമാക്കൽ ആമുഖസന്ദേശം നൽകി. ബാലവേദി കോ-ഓർഡിനേറ്റർ മാത്യു ജോസഫ് പ്രവർത്തനങ്ങൾ വിശദീകരിച്ചു. 112 കുട്ടികൾ പങ്കെടുത്തു.

## സെന്റ് മേരീസ് കുറുമുള്ളൂർ



വൈദികരുടെ മദ്ധ്യസ്ഥനായ വി. ജോൺ മരിയ വിയാനിയുടെ ദിനം കുറുമുള്ളൂർ സെന്റ് മേരീസ് ഇടവകയിൽ നടത്തപ്പെട്ടു. വൈദിക ദിനത്തിന്റെ മംഗളങ്ങൾ എഴുതി അറിയിക്കുന്നതിനായി ദൈവാലയ അങ്കണത്തിൽ ആശംസാട്രീ സജ്ജമാക്കിയിരുന്നു. വി. കുർബാനയ്ക്കുശേഷം വൈദീകരെ ആദരിക്കുന്നതിനായുള്ള യോഗം ചേർന്നു. സൺഡേ സ്കൂൾ എച്ച്.എം. ശ്രീമതി റോസമ്മ ജോണി സ്വാഗതം അർപ്പിച്ചു. പാരിഷ് കൗൺസിൽ സെക്രട്ടറി ശ്രീ. സിബി തൈപറമ്പിൽ, പി.റ്റി.എ. കൺവീനർ ശ്രീമതി രജനി ബിജു, ബ്ര. നിഖിൽ ഒ.എഫ്.എം. തെള്ളകം, സി. റോസിലിൻ എന്നിവർ ആശംസകളർപ്പിച്ചു. തുടർന്ന് സ്കൂൾ ലീഡേഴ്സും, സൺഡേ സ്കൂൾ എച്ച്.എം. ചേർന്ന് റവ. ഫാ. ജോഫി വല്ലത്തുംചിറ, ബ്ര. നിഖിൽ ഒ.എഫ്.എം. എന്നിവർക്ക് റോസാപ്പൂക്കൾ നൽകി ആദരിക്കുകയും കുട്ടികൾ തങ്ങളുടെ സ്നേഹാശംസകൾ അർപ്പിച്ചു തയ്യാറാക്കിയ വലിയ ആശംസ ചാർട്ടും, ആശംസകാർഡുകളും വികാരിയച്ചന് കൈമാറുകയും ചെയ്തു. മറുപടി പ്രസംഗത്തിലൂടെ തനിക്ക് ലഭിച്ച എല്ലാ പ്രാർത്ഥനകൾക്കും ആശംസകൾക്കും അച്ചൻ നന്ദി അർപ്പിച്ചു. വൈദികരുടെ പ്രാർത്ഥന ചൊല്ലുകയും ചെയ്തു.

## സെന്റ് മേരീസ് കുറുമുള്ളൂർ, അൾത്താരബാലദിനം



സെന്റ് മേരീസ് ഇടവകയിൽ അൾത്താരബാലദിനം ആചരിച്ചു. വി. കുർബാന ആരംഭത്തിൽ ശ്രീ. ജോസഫ് കെ.എ. അൾത്താര ശുശ്രൂഷകരുടെ മദ്ധ്യസ്ഥൻ വി. ജോൺ ബെർക്കുമൻസിന്റെ ജീവചരിത്രം ഉൾക്കൊള്ളുന്ന ആമുഖ സന്ദേശം വായിച്ചു. തുടർന്ന് റവ.ഫാ. ജോഫി വല്ലത്തുംചിറയുടെ നേതൃത്വത്തിൽ കത്തിച്ച തിരികളും കൈകളിൽ വഹിച്ചുകൊണ്ട് അൾത്താരബാലന്മാർ ദിവ്യബലിയ്ക്കായി പ്രവേശിച്ചു. ദിവ്യബലിക്ക് നേതൃത്വം നൽകിയത് അൾത്താര ശുശ്രൂഷകരാണ്. വി. കുർബാനയ്ക്ക് ശേഷം വികാരിയച്ചൻ ഇടവകയിൽ സേവനമനുഷ്ഠിക്കുന്ന എല്ലാ അൾത്താര ശുശ്രൂഷകർക്കും മെമെന്റോ നൽകി അവരെ ആദരിക്കുകയും അൾത്താരബാലദിനത്തിന്റെ മംഗളങ്ങൾ ആശംസിക്കുകയും ചെയ്തു.

## അനുമോദനങ്ങൾ



ചാട്ടേർഡ് അക്കൗണ്ടന്റ് പരീക്ഷയിൽ വിജയം നേടിയ **ജോസ്‌ലിൻ വർഗീസ്** നല്ലയിടയൻ ഇടവാംഗമായ വലയിഞ്ചിയിൽ ബി. വർഗീസിന്റെയും എലിസബത്തിന്റെയും മകളാണ്.



ഫാർമസ്യൂട്ടിക്സിൽ ബിരുദാനന്തരബിരുദം (എം.ഫാം) നേടിയ **സ്നേഹ ട്രീസാ ജോൺ** നല്ലയിടയൻ ഇടവാംഗമായ മാപ്പിളശ്ശേരിയിൽ എം.പി. ജോണിന്റെയും ലൂസി ജോണിന്റെയും മകളാണ്.



UNDER 18 INTER CLUB STATE SPORTS MEET ൽ 110 mtr HURDLE ൽ സംസ്ഥാന തലത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയ കോട്ടയം നല്ലിടയൻ ഇടവകാംഗമായ **ഡീൻ ഹർമിസ് ബിജു**. തെക്കെനകത്തു ബിജു ഹർമിസ് ദമ്പതികളുടെ മകനാണ്.

# വൈദികർ

സുമിന ബെന്നി, വടശ്ശേരിൽ

ഓർമ്മകൾക്കർത്ഥം തുടങ്ങുന്ന നാൾ മുതൽ
കാണുന്നതല്ലോ നാം ദൈവ പുരുഷരെ..
വൈദികരെന്നു വിളിച്ചു നാം ആദരാൽ
വന്ദിക്കാറില്ലയോ വൈദിക ശ്രേഷ്ഠരെ...
വേദം പഠിച്ചൊരു ദൈവജ്ഞരാണവർ
വേദകാലം മുതൽ ദൈവത്തെ നൽകുവോർ...
യേശുവിൻ പൊൻ മേനി എന്നും കരങ്ങളിൽ
സംവഹിച്ചീടുവാൻ ഭാഗ്യം ലഭിച്ചവർ
പുണ്യം പുലരുവോർക്കല്ലാതെയാർക്കാനും
ദൈവത്തെ സ്പർശിക്കാൻ ഭാഗ്യമുണ്ടാകുമോ?
പുണ്യം തികഞ്ഞൊരു ജന്മമല്ലേ.. ഇത്
ദൈവവിരൽ തൊട്ട ജന്മമല്ലേ...
ഇവരാണ് വൈദികർ... പുണ്യപുരോഹിതർ
ഇവരാണ് വൈദികർ .... പുണ്യരാം പുരുഷർ...
എങ്കിലും ഓർത്തുപോകുന്നു ഞാൻ
എങ്കിലും ഓർത്തുപോകുന്നു ഞാൻ...
ഇവരുടെ നീളുന്ന വഴികളിൽ കല്ലാണ് മുള്ളാണ്
കാരിരുമ്പാണിയാണ്...
മുന്നിൽ മരുപ്പച്ചമാത്രം
പുകമറപോലുള്ളൊരിരുൾ കനക്കും വഴി..
പേടിപ്പെടുത്തുന്ന വിജനമാം ജീവിതം
അച്ഛന്റെ കൈവിരൽ തുമ്പിൻകരുതലില്ല
അമ്മതൻ സാന്ത്വന സ്പർശമില്ല.
കൂട്ടുപിടിക്കാൻ കുറുമ്പ് കാട്ടീടുവാൻ
കൂട്ടിനായി ചേച്ചിയില്ലനുജനില്ല
ആരോരുമുണ്ടാകയില്ലെന്നറിഞ്ഞിട്ടും
ഈശ്വരനായി മാത്രം ജീവിതം നീട്ടിയോർ
ദൈവത്തിൻ  കൈകളിൽ മുറുകെപ്പിടിച്ചവർ
ദൈവത്തിൻ കൺകളിൽ സ്നേഹം തിരയുവോർ
ഇവരാണ് വൈദികർ.. പുണ്യപുരോഹിതർ
ഇവരാണ് വൈദികർ.. പുണ്യരാം പൂരുഷർ...

നാടാകെ വീടാകെ നന്മവിതയ്ക്കുവോർ
നാട്ടാരെ നല്ല മനുഷ്യരായി തീർക്കുവോർ
എല്ലാ സുഖങ്ങളും സൗഭാഗ്യമൊക്കെയും
നഷ്ടപ്പെടുത്തിയോരല്ലേയി വൈദീകർ
ബലിയായി മാറുന്നു ബലിക്കല്ലായിമാറുന്നു
ബലി വേദിചൂഴും നറുഗന്ധമായി മാറുന്നു
ദൈവഹിതത്തിനായി ജീവിതമാകവേ
മൺതരിപോലെ നിസ്സാരമായ് മാറ്റുന്നു
ഇവരാണ് വൈദികർ.. പുണ്യപുരോഹിതർ
ഇവരാണ് വൈദികർ.. പുണ്യരാം പൂരുഷർ...

അൾത്താരച്ചോട്ടിൽ ഉരുകിക്കനക്കുന്ന
വെൺമെഴുതിരിപോലെയുരുകിപൊലിയുവോർ
കുന്തിരിക്കപ്പുക മഞ്ഞുപോൽ പടരുമ്പോൾ
വെൺലില്ലി പൂക്കൾ വിശുദ്ധി വിതറുമ്പോൾ
ഉള്ളിലൊതുക്കിയ നൂറുനൂറായിരം
സങ്കടക്കട്ടയെ കർപ്പൂരമാക്കുവോർ
നൊമ്പരമൊക്കെയും വേരോടറുത്തെടു-
ത്തൾത്താരപ്പൂക്കളായ് നിത്യം വിതറുവോർ
ഉള്ളകം നൊന്തങ്ങു പൊള്ളിക്കനക്കുമ്പോൾ
ക്രൂശിൽ മനം ചേർത്ത് നെഞ്ചകം വിങ്ങുവോർ
കൺകൾ നിറഞ്ഞാലും ആരോരും കാണാതെ
കാഴ്ചകൾക്കൊപ്പം ഒളിപ്പിച്ചു വയ്ക്കുവോർ
ഇവരാണ് വൈദികർ.. പുണ്യപുരോഹിതർ
ഇവരാണ് വൈദികർ.. പുണ്യരാം പൂരുഷർ...

ഒരു നൂറു നൂറായിരം കുറ്റമേറ്റി നാം
വന്ദനം നൽകാതെ നിന്ദിച്ചതില്ലയോ
ദൈവജ്ഞരെന്ന് നിനയാതെ പരിഹാസ-
ശാപശരങ്ങൾ തൊടുത്തങ്ങിരുന്നില്ലേ
മനുഷ്യരെന്നു ഗണിക്കാതെ നിർദ്ദയം
മാനം കളഞ്ഞു ദുഷിപ്പു പറഞ്ഞില്ലേ...
വൈദിക ശാപം പ്രതിവിധിയില്ലാത്ത
തൊന്നെന്നറിയാതെ വീമ്പുപറഞ്ഞില്ലേ...
ഒക്കെയും തെറ്റെന്നറിയുന്നു ഞങ്ങളിന്നെത്രയും
വേദനയോടെ മാപ്പോതുന്നു
ആയുരാരോഗ്യങ്ങൾ ആത്മീയസൗഖ്യങ്ങൾ
ആവോളമീശ്വരൻ എന്നുമേകട്ടെ
അജപാല ദൗത്യം പുലർത്തുന്ന വൈദിക
ശ്രേഷ്ഠരേ നന്ദിയാൽ കൈകൾ കൂപ്പുന്നു ഞാൻ.

## പരേതരെ സ്മരിക്കാം – സെപ്റ്റംബർ

| | | |
|---|---|---|
| 01 | (1993) | Fr. Daniel Thattarassery |
| 05 | (2011) | Bishop Peter Thuruthikonam |
| 13 | (1997) | Fr. Benedict OCD |
| 16 | (1979) | Fr. Paul Koikarenparambil |
| 17 | (1949) | Fr. Carmel OCD |
| 17 | (1984) | Fr. Fabian OCD |
| 17 | (2017) | Fr. George Parappallil |
| 20 | (1987) | Fr. Lawrence Puthumana |
| 22 | (2008) | Fr. George Parayil |

# കെ.സി.വൈ.എം. പട്ടിത്താനം

പട്ടിത്താനം സെന്റ് ബോനിഫസ് ഇടവകയിൽ കേരള ലാറ്റിൻ കാത്തലിക്ക് യൂത്ത് മൂവ്മെന്റിന്റെ പുതിയ ഭാരവാഹികളെ തെരഞ്ഞെടുത്തു. വികാരി വെരി. റവ.ഫാ. സ്റ്റീഫൻ പുത്തൻപറമ്പിലിന്റെ അദ്ധ്യക്ഷതയിലായിരുന്നു ഭാരവാഹികളെ തെരഞ്ഞെടുത്തത്.

പ്രസിഡന്റ്: മനു കൊടികുത്തിയേൽ, വൈസ്പ്രസിഡന്റ്: അന്ന അലോഷ്യസ് പൊള്ളയിൽ, സെക്രട്ടറി : നിഥിനി അജി പൊൻകുന്നേൽ, ജോ. സെക്രട്ടറി: കിരൺ സി.ബി. ചേരുംപൊയ്കയിൽ, ട്രഷറർ: ദിവ്യ ജോയി തുരുത്തിക്കാട്ടേൽ, അഡ്വൈസർ: രതീഷ് ജോസ് ചേരാടിയേൽ. എപ്പോഴും കർമ്മനിരതരാകാനും, കെ.സി.വൈ.എം. പ്രവർത്തനം ഇടവകയ്ക്കുള്ളിൽ മാത്രം ഒതുക്കാതെ, സമൂഹത്തിലേയ്ക്ക് വ്യാപിപ്പിക്കണമെന്നും, അദ്ധ്യക്ഷപ്രസംഗത്തിൽ വികാരിയച്ചൻ ഓർമ്മിപ്പിച്ചു.

## മിഷൻലീഗ് വാർത്തകൾ

**2019 ഒക്ടോബർ മിഷൻ മാസാചരണം**

ബഹു. വൈദീകരെ, ആനിമേറ്റർമാരെ, കുഞ്ഞുമിഷനറിമാരേ,
സാർവത്രിക മിഷൻ പ്രവർത്തനങ്ങളുടെയും ചെറുപുഷ്പ മിഷൻ ലീഗിന്റെയും മദ്ധ്യസ്ഥയായ വി. കൊച്ചുത്രേസ്യായുടെ തിരുനാൾ ആഘോഷിക്കുന്ന ഒക്ടോബർ മാസം മിഷൻ മാസാചരണമായി നാം ആഘോഷിക്കുന്നു. മിഷൻ ലീഗ് അംഗങ്ങൾ ഇടവകയിൽ പ്രേഷിത പ്രവർത്തനങ്ങൾ സംഘടിപ്പിക്കാനും, ഭവന സന്ദർശനങ്ങൾ നടത്താനും, സംഭാവനകൾ ശേഖരിച്ച് ഇടവകയുടെ മിഷൻ ഞായർ ആഘോഷങ്ങളിൽ പങ്കാളികളാകാനും ശ്രദ്ധിക്കുക. ഒക്ടോബർ മാസം ആദ്യ ഞായറാഴ്ച വി. കൊച്ചുത്രേസ്യയുടെ തിരുനാൾ ഇടവക തലത്തിൽ ആഘോഷിക്കുകയും അംഗത്വ നവീകരണം നടത്തുകയും ചെയ്യുക. കൂടാതെ മേഖലതലത്തിൽ വി. കൊച്ചു ത്രേസ്യായുടെ തിരുനാളും, പ്രേഷിത ദിനാചരണവും, സെമിനാറും പ്രേഷിതറാലിയും സംഘിപ്പിക്കുക.

1–ാം ഞായർ : വി. കൊച്ചുതേസ്യായുടെ തിരുന്നാൾ ആഘോഷവും അംഗത്വനവീകരണവും.

7– തിങ്കൾ. മേഖല തലത്തിൽ വി. കൊച്ചുത്രേസ്യായുടെ തിരുന്നാളും, പ്രേഷിത ദിനാചരണവും, സെമിനാറും, പ്രേഷിതറാലിയും സംഘടിപ്പിക്കുക, മേഖല പ്രതിനിധികളെ തെരഞ്ഞെടുക്കാത്ത മേഖലകളിൽ തെരഞ്ഞെടുപ്പും നടത്തുക. ബഹു. ഫൊറോന ഡയറക്ടർമാരും, ആനിമേറ്റർമാരും ഈ കാര്യങ്ങൾക്ക് നേതൃത്വം കൊടുക്കുക.

സ്നേഹപൂർവ്വം

**ഫാ. മാത്യു സുബാഷ് വ്യാകഴ**, രൂപത ഡയറക്ടർ സി.എം.എൽ

## ഏലപ്പാറ ഏരിയ കൗൺസിൽ വാർഷികം




സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി ഏലപ്പാറ ഏരിയ കൗൺസിലിന്റെ മൂന്നാമത് വാർഷികം വാഗമൺ സെന്റ് ആന്റണീസ് ദൈവാലയത്തിൽ നടത്തപ്പെട്ടു. ഏലപ്പാറ ഏ.സി. പ്രസിഡന്റ് ബ്രദർ എസ്. സുരേഷ് അദ്ധ്യക്ഷത വഹിച്ച വാർഷിക സമ്മേളനം ആത്മീയോപദേഷ്ടാവ് റവ. ഫാ. സണ്ണി പറമ്പുകാട്ടിൽ ഉദ്ഘാടനം ചെയ്തു. വിജയപുരം സി.സി. പ്രസിഡന്റ് ബ്ര. മൈക്കിൾ ഡിക്രൂസ് മുഖ്യപ്രഭാഷണം നടത്തി. ബ്ര. ഡി. സണ്ണി, ബ്ര. അലക്സ്, സി. മേഴ്സി ബിജു, ബ്ര. ക്ലീറ്റസ് എന്നിവർ ആശംസയർപ്പിച്ചു. പാവപ്പെട്ട കുടുംബങ്ങൾക്കായി കിറ്റ് വിതരണം നടത്തി.

---

## വൈദിക ദിനാഘോഷം: സെന്റ്. മേരീസ് ദൈവാലയം, മുണ്ടക്കയം



വൈദീകരുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായ വി.ജോൺ മരിയ വിയാനിയുടെ തിരുനാളിനോടനുബന്ധിച്ച് മതബോധന യൂണിറ്റിന്റെ നേതൃത്വത്തിൽ വികാരി മോൺ. ഹെൻറി കൊച്ചുപറമ്പിലച്ചനെയും, ഈശോസഭ സന്യാസ സമൂഹത്തിലെ മുതിർന്ന വൈദികനായ ഫാ. തോമസിനെയും, അസ്സി.വികാരി ഫാ. ജിൻസനെയും ആദരിച്ചു. വൈദീകർക്കു വേണ്ടി പ്രാർത്ഥിക്കുകയും ആശംസകൾ അർപ്പിക്കുകയും ചെയ്തു.

## വൈദികദിനം –പൊതി



വൈദീകദിനത്തോടനുബന്ധിച്ച് തിരുബാലസഖ്യം അംഗങ്ങൾ
വികാരി ഫാ. ഔസേഫ് പുത്തൻപറമ്പിലിനെ പൊന്നാട അണിയിക്കുന്നു.



മതബോധന യൂണിറ്റിന്റെ ഉപഹാരം ഹെഡ്മാസ്റ്റർ സോജൻ പി.ജെ.,
സെക്രട്ടറി ലാലി റെജി എന്നിവർ ബഹുമാനപ്പെട്ട അച്ചന് നല്കുന്നു.



പെരുമ്പാവൂർ നിർമ്മല ഹോസ്റ്റലിന്റെ ആശീർവാദ കർമ്മം
അഭിവന്ദ്യ പിതാവ് നിർവ്വഹിക്കുന്നു.

## സെന്റ് സെബാസ്റ്റ്യൻസ് – ചീന്തലാർ



**ഡയറി പ്രകാശനം :** ചീന്തലാർ സെന്റ് സെബാസ്റ്റ്യൻസ് ഇടവക മത ബോധന ഡയറി പി.റ്റി.എ. കൺവീനർമാർക്കു നൽകികൊണ്ട് ബഹു. ഫാ. ജോർജ്ജ് ജോൺ മേരിമംഗലം പ്രകാശനകർമ്മം നിർവ്വഹിച്ചു.



**നല്ല സമറായൻ ദിനം :** ചീന്തലാർ സെന്റ് സെബാസ്റ്റ്യൻസ് ഇടവകയിലെ മതബോധന വിദ്യാർത്ഥികൾ, രോഗം, പ്രായാധിക്യം എന്നിവയാൽ വേദ നയനുഭവിക്കുന്നവരെ സന്ദർശിച്ച് പ്രാർത്ഥിച്ചു.

**ബൈബിൾ പാരായണ മത്സരം :**ചീന്തലാർ സെന്റ് സെബാസ്റ്റ്യൻസ് ഇടവകയിലെ മതബോ ധന വിദ്യാർത്ഥികൾക്ക് വായന ക്ലബിന്റെ ഭാഗ മായി ബൈബിൾ പാരായണ മത്സരം നടത്തി.



# വി.എസ്.എസ്.എസ്. വാർത്തകൾ

## **പരിശീലനപരിപാടി** (Induction Programme)

വിജയപുരം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ ഓഫീസ് ജീവനക്കാർ, ആനിമേറ്റർമാർ എന്നിവർക്കായി സംഘടിപ്പിച്ച പ്രവൃത്തി പരിചയ പരിശീലനക്ലാസ് (Induction Programme) അമലനിലയത്തിൽ ഡയറക്ടർ ഫാ. ഡെന്നീസ് ജോസഫ് കണ്ണമാലിൽ ഉദ്ഘാടനം ചെയ്തു. നമ്മുടെ ദൗത്യമെന്താണെന്ന ധാരണ നമുക്കുണ്ടാവണം, ഒപ്പം നാം എവിടെയാണെന്ന തിരിച്ചറിവും, നിത്യജീവൻ പ്രാപിക്കാൻ നിയമം പാലിച്ചാൽ മാത്രം പോരാ, പ്രവൃത്തിയും ഉണ്ടാകണമെന്ന് വചനം പറയുന്നു. ഇതുൾക്കൊള്ളുമ്പോഴാണ് നമ്മിൽ ചലനാത്മകതയുണ്ടാകുന്നതും അത് മറ്റുള്ളവർക്ക് അനുഭവ വേദ്യമാകുന്നതും. നിർജ്ജീവാവസ്ഥയിലുള്ള വിശ്വാസിയാകാതെ നാം ആർക്കുവേണ്ടി പ്രവർത്തിക്കാൻ കടപ്പെട്ടിരിക്കുന്നുവോ അവർക്കായി പ്രവർത്തിക്കുക. വിജയപുരം സോഷ്യൽ സർവ്വീസ് സൊസൈറ്റിയും, വിജയപുരം രൂപതയും, കത്തോലിക്കാസഭ ആകമാനവും ഇതേ കാഴ്ചപ്പാടാണ് മുന്നോട്ടുവയ്ക്കുക. അദ്ദേഹം പറഞ്ഞു.

'സഭയുടെ സാമൂഹിക പ്രബോധനങ്ങൾ' എന്ന വിഷയത്തിൽ അസി. ഡയറക്ടർ ഫാ. അഗസ്റ്റിൻ മേച്ചേരിൽ ക്ലാസ് നയിച്ചു. മുഖ്യപരിശീലകനായ പ്രോജക്ട് ഓഫീസർ കെ.പി. ജോൺ Induction എന്നാൽ സംയോജനം എന്നാണെന്ന് ഓർമ്മിപ്പിച്ചു. ഒരു തൊഴിൽ എന്നതിലുപരി കൂട്ടായ പ്രവർത്തനത്തിന്റേയും, ലക്ഷ്യത്തിന്റെയും ഭാഗമാണ് വി.എസ്.എസ്.എസ്. പ്രവർത്തകർ എന്നും അദ്ദേഹം കൂട്ടിചേർത്തു. തുടർന്ന് വിവിധ വിഷയങ്ങളിൽ ക്ലാസുകൾ നടന്നു.

## വിജയപുരം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ കാൻസർ സാന്ത്വന പദ്ധതിയായ ആശാകിരണം പദ്ധതിയ്ക്കായി വിവിധ ജനകീയ വികസന സമിതികൾ ശേഖരിച്ചു നൽകിയ തുക.

1. പെരുമ്പെട്ടി - 1100/-, 2. മാരാമൺ - 700/-, 3. വനവാതുക്കര- 1825/-, 4. ആണ്ടൂർ- 570/-, 5. പാക്കിൽ - 3500/-, 6. വെട്ടിമുകൾ - 820/-, 7. കുറുമുള്ളൂർ - 4138/-, 8. കാഞ്ഞിരപ്പാറ - 510/-

**ചികിത്സാ സഹായം നൽകിയത്**

1. മാരാമൺ -5000/-, 2. പാക്കിൽ - 2000/-, 3. പട്ടിത്താനം 5000/-

## ദുരിതാശ്വാസ പ്രവർത്തനങ്ങൾ



ദുരിതാശ്വാസ ക്യാമ്പിലെ അംഗങ്ങൾക്കൊപ്പം
കൗൺസിലർ ജോബി ജോൺസൺ



ദുരിതാശ്വാസ ക്യാമ്പിലെ അംഗങ്ങൾക്കൊപ്പം
തിരുവഞ്ചൂർ രാധാകൃഷ്ണൻ എം.എൽ.എ.

വെള്ളപ്പൊക്ക ദുരിതബാധിതർക്കായി വിജയപുരം സോഷ്യൽ സർവ്വീസ് സൊസൈറ്റി അമല നിയലയത്തിൽ ദുരിതാശ്വാസ ക്യാമ്പ് തുറന്നു. മുള്ളൻകുഴിയിൽ നിന്നുള്ള 35 കുടുംബങ്ങൾക്ക് ഏഴുദിവസത്തെ താമസമൊരുക്കിയ ക്യാമ്പ് അവർക്ക് ആശ്വാസമായി. വി.എസ്.എസ്.എസ്. ഡയറക്ടർ ഫാ. ഡെന്നീസ് ജോസഫ് കണ്ണമാലിൽ, അസി. ഡയറക്ടർ ഫാ. അഗസ്റ്റിൻ മേച്ചേരിൽ മുനി. കൗൺസിലംഗം ജോബി ജോൺസൺ എന്നിവരുടെ മേൽനോട്ടത്തിൽ നടന്ന ക്യാമ്പിൽ സർക്കാർ സഹായത്തിനു പുറമേ വി.എസ്.എസ്.എസ്. വസ്ത്രങ്ങൾ, ഭക്ഷ്യവസ്തുക്കൾ കുട്ടികൾക്കായി പഠനോപകരണങ്ങൾ എന്നിവ വിതരണം ചെയ്തു. സ്വാതന്ത്ര്യദിനത്തിൽ ഫാ. ഡെന്നീസ് ജോസഫ് കണ്ണമാലിൽ ദേശീയ പാതകയുയർത്തിയ ചടങ്ങിൽ ക്യാമ്പംഗങ്ങളും പങ്കെടുത്തു. കുമാരി ദിയാ



ദുരിതാശ്വാസ ക്യാമ്പിലെ അംഗങ്ങൾക്കൊപ്പം
ഫാ. ഡെന്നീസ് ജോസഫ് കണ്ണമാലിൽ

പ്രതിജ്ഞാ വാചകം ചൊല്ലിക്കൊടുത്തു. മധുര വിതരണവും നടന്നു.

ഫാ. അഗസ്റ്റിൻ മേച്ചേരിയുടെ നേതൃത്വത്തിൽ ചൈൽഡ് ലൈൻ പ്രവർത്തകർ, അമലനിലയം, നാഗമ്പടം പിട്ടാപ്പള്ളിൽ ബിൽഡിംഗ്സ്, തെള്ളകം സെന്റ് മേരീസ് എൽ.പി.എസ്. പുല്ലരിക്കുന്ന് സെന്റ് സെബാസ്റ്റ്യൻസ് പാരിഷ്ഹാൾ, ചെങ്ങളം സെന്റ് ജോസഫ്സ് എൽ.പി.എസ്. എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന ദുരിതാശ്വാസ ക്യാമ്പുകൾ സന്ദർശിക്കുകയും കുട്ടികൾക്കായി മാനസികോല്ലാസ പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്തു.



വ്യക്തിശുചിത്വ ബോധവത്ക്കരണ ക്ലാസ് നെടുമുടിയിൽ ഫാ. ഡൊമിനിക് സാവിയോ ഉദ്ഘാടനം ചെയ്യുന്നു.

## വീഷെയർ സംരംഭം



വീ ഷെയർ പദ്ധതി കോഴിവളർത്തൽ –മറിയാമ്മ കെ.സി., ചെങ്ങളം



വീ ഷെയർ പദ്ധതി ആട് വളർത്തൽ –ബിൻസി കുഞ്ഞുമോൻ, പൊതി

## ഓപ്പൺ ഹൗസ്

കോട്ടയം ചൈൽഡ് ലൈൻ വാകത്താനം പഞ്ചായത്തിലെ 11–ാം വാർഡ് ശാന്തിനഗർ കോളനിയിൽ സംഘടിപ്പിച്ച ഓപ്പൺ ഹൗസ് (തുറന്ന ചർച്ച) പഞ്ചായത്ത് പ്രസിഡന്റ് പ്രകാശ് ചന്ദ്രൻ ഉദ്ഘാടനം ചെയ്തു. ചൈൽഡ് ലൈൻ കോ- ഓർഡിനേറ്റർ മാത്യു ജോസഫ് അദ്ധ്യക്ഷനായിരുന്നു. അബ്ദുൾ ജമാൽ (എസ്.ഐ. വാകത്താനം പൊലീസ്), സജീ തോമസ് (എക്സൈസ് പ്രിവന്റീവ് ഓഫീസർ) എന്നിവർ ക്ലാസുകൾ നയിച്ചു. വിനോദ് കുമാർ (പഞ്ചായത്തംഗം) ആശംസകൾ നേർന്നു. ചൈൽഡ് ലൈൻ പ്രവർത്തനങ്ങൾ രജ്ഞിത് ടോം വിശദീകരിച്ചു. പ്രദേശത്ത് കുട്ടികൾ നേരിടുന്ന പ്രശ്നങ്ങൾ അവർ ശ്രദ്ധയിൽപ്പെടുത്തി. 50 പേർ പങ്കെടുത്തു.



# അഭിവന്ദ്യ പിതാവിന്റെ
## ഒക്ടോബർ മാസ പരിപാടികൾ

| | | | | |
|---|---|---|---|---|
| 01- 30 | | | - | യാത്ര |
| 31 | വ്യാഴം | 6.00 pm | - | ബ്രദർ റോക്കി പാലയ്ക്കലിന്റെ 92-ാമത് ചരമവാർഷികം, ദിവ്യബലി, ഗുഡ്ഷെപ്പേർഡ് ചർച്ച്, കോട്ടയം |

### മതബോധനരംഗം

ഒക്ടോബർ 13 മതബോധന സെമസ്റ്റർ പരീക്ഷ- എല്ലാ യൂണിറ്റിലും കൃത്യമായി നടത്തുക. ചോദ്യ പേപ്പറുകൾ മേഖല ഡയറക്ടർ വഴി ലഭിക്കും. ഒക്ടോബർ 6- സി.എം.എൽ ദിനവും 20-മിഷൻ ഞായറും, നവംബർ 3-ലെ മതാദ്ധ്യാപകദിനവും സജീവമായി ആഘോഷിക്കുക.

*ഡയറക്ടർ*

**വൈദികദിനം എരുമേലി**



**അൾത്താര ബാലദിനം - പെരുമ്പാവൂർ**



# റവ. ഫാ. മാത്യു കിഴക്കേക്കുറ്റിന്റെ മൃതസംസ്കാര ശുശ്രൂഷകൾ





## ആദരാഞ്ജലികൾ



9-8-2019- ൽ നിര്യാതനായ
**റവ.ഫാ. മാത്യു കിഴക്കേക്കുറ്റ് (84)**





28-7-2019- ൽ നിര്യാതയായ
**റവ.സി.മേരി റോസ് DIH (78)**

SEPTEMBER 2019
Vol. 12 • Issue 9
*Published on*
1st September 2019

# vijayapuradhuthu

(MONTHLY)
Annual Subscription ₹ 60.00

Registered No. KL/KTM/117/2017-19
LIC. No. KL/CR/KTM/WPP-09/2017-19
Licensed to Post without prepayment
RNI Registration No. KERMAL/2008/24745

A PUBLICATION OF DIOCESE OF VIJAYAPURAM, KOTTAYAM-686001, KERALA

## മാലിന്യ നിർമ്മാർജ്ജന പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം



**ECOBURN™**

**MOST ECONOMICAL ECO–FRIENDLY SOLID WASTE BURNER**

വൈദ്യുതി, ഗ്യാസ്, ഓയിൽ തുടങ്ങിയ യാതൊരുവിധ ഇന്ധന സഹായവുമില്ലാതെ തികച്ചും പരിസ്ഥിതി സൗഹൃദപരമായി ഖരമാലിന്യങ്ങൾ സംസ്കരിക്കുന്നതിനുള്ള നൂതന സാങ്കേതിക വിദ്യ. മലിനീകരണ നിയന്ത്ര സംവിധാനത്തോടെ, ഫ്ളാറ്റുകൾ, ആശുപത്രികൾ ഹോസ്റ്റലുകൾ, ഓഡിറ്റോറിയങ്ങൾ, ഹോട്ടലുകൾ ഷോപ്പിംഗ് കോംപ്ലക്സ്, പൊതുമാർക്കറ്റുകൾ, വീടുകൾ എന്നിവയിൽ നിന്നുള്ള ഖരമാലിന്യ പ്രശ്നങ്ങൾക്ക് ചിലവു കുറഞ്ഞ രീതിയിൽ ശാശ്വത പരിഹാരം.

- ലളിതമായ പ്രവർത്തനരീതി
- പരിപാലന ചിലവ് ഇല്ല
- ആവശ്യാനുസരണമുള്ള ഡിസൈൻ
- വളരെ കുറഞ്ഞ സ്ഥാപിത ചിലവ്

**ecoway**
TECHNOLOGIES PVT. LTD.

**Perumbaikadu P.O., Neelimangalam**
**Kottayam - 686028**
**Ph: 0481-2397752/9400316501**

ENVIRONMENTAL CONSULTANTS & MANUFACTURES OF:
WATER & WASTE WATER TREATMENT PLANTS • SOLID WASTE DISPOSAL SYSTEMS • AIR POLLUTION CONTROL STSTEMS

Printed & Published by Fr. Francis Nedumparambil, on behalf of Diocese of Vijayapuram, P.B. No. 82, Kottayam-686001. Published at Vijayapuram Bishop's House, Kottayam-686001, Kerala, India. Printed for Archana Offset Printers, Ktm, at **Good Shepherd Press**, Kottayam, Kerala. # 0481-2569180